

പുസ്തകം ൫൫) ൧൯൩൬ ജൂലായി; (ലക്കം ൬.

മംഗളം.

തിന്നായ് കെന്നടയോൻ വിലക്കിയപഴം ഭക്ഷിക്കുവാൻമുന്നമാ–
ക്കന്നൽക്കണ്ണിയൊടോതിയോരസുരനാം പാമ്പിൻമദം തീർത്തഹോ
തന്നോമൽക്കഴൽ കൊണ്ടതിൻ തലതകർത്തുള്ളോരു വാനോർതൊഴും
തന്നപംഗിമണിമോക്ഷരാജ്ഞിമറിയം നിത്യം നമുക്കാശ്രയം.

കട്ടക്കയത്തിൽ സി. ജോൺ.

താരങ്ങൾ നിൻറെ 'മകുടം' മതിപീഠമക്കൻ
ചാരുതമാന്ന 'വസനം' 'ലിലി' കൈത്തലത്തിൽ
ചാരത്തു 'സാതികഗണം' മറിയേ മനോജ്ഞേ!
താരൊത്ത നിൻകഴൽ തൊഴുന്നു തുണയ്ക്കുകമ്മേ.

നന്മനരക്കുള്ളാനായ് –നിർമ്മലയായിപ്പിറന്ന കന്യകയാം
അമ്മദയാംബുധിമറിയം –"കർമ്മലകുസുമ"ത്തിനേകണം വിജയം.

സി. വി. ജോസഫ്.

കർമ്മല ഉത്തരീയം.

കർമ്മലസഭക്കാരുടെ പ്രത്യേക ഭക്തിക്കു വിഷയമായ ഉത്തരീയ തിരുനാൾ ആഘോഷിക്കപ്പെടുന്നതു ഈ മാസം ൧൬–൨൦൩൬– ആണല്ലോ. ഈ അവസരത്തിൽ ഉത്തരീയ വണക്കത്തെപ്പററി സ്വല്പം പറയുന്നതു അയുക്തമായിരിക്കയില്ലെന്നു വിചാരിക്കുന്നു. കർമ്മലസഭയും ഉത്തരീയഭക്തിയും ഒരു നവീന ഏർപ്പാടാണെന്നു വിചാരിപ്പാനിടയില്ല. ഈ സഭയുടെ ആരംഭം മിശിഹാക്കാലത്തിനു പല ശതകങ്ങൾക്കു മുമ്പായിതന്നെ വി. ഏലിയാനിവ്വായുടെ കാലത്തിൽ കർമ്മലമലയിൽനിന്നാണ് ഉണ്ടായിട്ടുള്ളതു്. ഈ സഭ പൂർവ്വം മുതൽ ദൈവജനനിയും, വിമലയുമായ വി. കന്യകമറിയത്തിൻറെ നാമത്തിലും, രക്ഷണത്തിലും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സന്ന്യാസികളുടെ കൂട്ടമാണ്. തിരു ഉത്തരീയഭക്തി പ്രബലപ്പെട്ടതോടുകൂടി കർമ്മലഉത്തരീയ സഭക്കാരുടെ സംഖ്യ ശതഗുണം വർദ്ധിക്കയും

ണ്ട് ചെയ്യുന്നു. കാലാന്തരത്തിൽ അൽമേനികളും ഉത്തരീയം കൈക്കൊണ്ട ഈ സഭയിൽ ചേർന്നു തുടങ്ങി. നിയമത്തിനും, നടപടിക്രമം അനുസരണമായി ഈ സഭക്കു ഒന്നും, രണ്ടും, മൂന്നും എന്ന പദവികളും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ എല്ലാ അനുസ്സുകാക്കും ഈ സഭയിൽ ചേർന്ന് അതിനുള്ള അനവധി ഫലങ്ങളെ ലഭിക്കുന്നതിനു പാടുണ്ട്. ഉത്തരീയഭക്തി പ്രബലപ്പെട്ടതു ൧൬–ാംശതാരംഭത്തിലാണ്. അന്നു കർമ്മലീത്താ സഭയുടെ പ്രിയോർ ജനറാളായിരുന്ന വി. ശെമോൻസ്റ്റോക്കു എന്ന ദേഹം കർക്കടകമാസം ൧൨–൨൦൯– ജപധ്യാനം കഴിച്ചിരിക്കയിൽ ദൈവജനനിയായ വി. മറിയം സ്വർഗ്ഗവാസികളുടെ അണിനിരയോടുകൂടി എഴുന്നള്ളി ഈ പരിശുദ്ധനു കാണപ്പെട്ടു. ഒരു തിരു ഉത്തരീയം അയാൾക്കു കൊടുത്തുകൊണ്ടു കല്പിച്ചു പറഞ്ഞ വചനങ്ങളുടെ പുരുക്രമം താഴെ ചേർക്കുന്നു. "എന്റെയും പ്രിയപ്പെട്ട എന്റെ മകനെ! ഇതാ നിങ്ങളുടെ ക്രമത്തിന്റെ വിരുത്; ഇതിനെ നീ വാങ്ങിക്കൊൾക; ഇതു നിനക്കും, കർമ്മലസഭക്കാരേവക്കും രക്ഷയുടെ അടയാളവും, ആപത്തിൽ സങ്കേതവും ആയിരിക്കും. ഇതിനെ ശരിയായി ഉപയോഗിക്കുന്നവൻ നരകാഗ്നിക്കിരയാകയില്ല." ആ പരിശുദ്ധൻ ദൈവമാതാവിനു ഉപകാരസ്മരണ ചെയ്യുശേഷം ഉത്തരീയം വണക്കത്തോടെ വാങ്ങി തന്റെ കഴുത്തിൽ ധരിച്ചു ആനന്ദപരവശനായി ജപസ്ഥലത്തുനിന്നു പിൻതിരികയും ചെയ്തു. ദൈവമാതാവിൽനിന്നും ലഭിച്ച ഈ ഉത്തരീയംമൂലം ഓരോരുത്തൻ ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ എഴുതി അവസാനിപ്പിക്കാവുന്നതല്ല. അന്നു തുടങ്ങിയാണ് തിരു ഉത്തരീയഭക്തി പ്രബലപ്പെട്ടതും. ദൈവജനനികല്പിച്ചുകൊടുത്ത ഉത്തരീയത്തിന്റെ മാതിരിയിൽ അനേകം ഉത്തരീയങ്ങൾ ഉണ്ടാക്കി സഭക്കാരും, മറ്റനേകം പേരും ധരിച്ചുതുടങ്ങി. ഈ ഉത്തരീയപ്രദാനത്തെപ്പറ്റിയും മറ്റും വേണ്ടവിധം പരിശോധനകൾ നടത്തിയശേഷം അന്നു തിരുസ്സഭയെ ഭരിച്ചിരുന്ന ൨൨–ാമത്തെ യോഹന്നാൻ മാപ്പാപ്പാ ഉത്തരീയഭക്തിയെ അംഗീകരിച്ചുറപ്പിക്കയും ചെയ്തു. പിന്നീടു പല വി. പാപ്പാന്മാരും ഇതിന്റെ മാഹാത്മ്യത്തെ സ്തുതിച്ചു തിരുവെഴുത്തുകൾ പുറപ്പെടുവിക്കയും, ഉത്തരീയ സഭക്കാർക്കു പല ദണ്ഡവിമോചനങ്ങളും വരങ്ങളും കല്പിച്ചരുളുകയും ചെയ്തുണ്ടായി. അനേക ആളുകൾ ആദ്യകാലത്തിൽ ഈ ഉത്തരീയസഭയിൽ ചേർന്നതെന്നു, മുമ്പു ഞാൻ പറഞ്ഞല്ലോ. എന്നാൽ സാധാരണക്കാരായ ജനങ്ങൾമാത്രമാണ് ഇങ്ങനെ ചെയ്തിരുന്നതു് എന്നു ആരും വിചാരിക്കരുതു്. പ്രഭുക്കന്മാർ, ധനവാന്മാർ എന്നുവേണ്ടാ മഹാരാജാക്കൾക്രമടെയും ഈ തിരു ഉത്തരീയം ധരിച്ചു നല്ല ജീവിതം കഴിച്ചുവന്നു. ഈ ക്രമത്തിൽ പ്രാൻസ് രാജാവായിരുന്ന വി. ലൂയിസ് പ്രഥമഗണ്യനാണ്. തിരുവുത്തരീയോപചരണം, ഏതു വിധംജനങ്ങൾ നിവൃത്തിച്ചിരുന്നോ, ആ വിധത്തിലുള്ള അനുഗ്രഹങ്ങളും പ്രത്യക്ഷങ്ങളും ഉണ്ടായിട്ടുണ്ട്. ഈ ഭക്തിയുടെ ആദ്യദശയിൽ സംഭവിച്ച ഒരു പുതുമ വായനക്കാരുടെ അറിവിനായി ഇവിടെ ഉദ്ധരിക്കാം. വിഞ്ചെസ്റ്റർ എന്ന നഗരത്തിൽ ഉവാൽത്തേർ എന്നു പേരായ ഒരു സമ്പന്നൻ വസിച്ചിരുന്നു. അവന്റെ ജീവിതം ദൈവകല്പനകൾക്കും, ഗുരുക്കൾ മുതലായ ആത്മപരിപാലകന്മാരുടെ ഉപദേശങ്ങൾക്കും നേരെ വിരുദ്ധമായിട്ടുള്ള ഒന്നായിരുന്നു. മദ്യപാനം, ചൂതുകളി, വ്യഭിചാരം, ക്ഷുദ്രപ്രയോഗം മുതലായ തിന്മകളിൽ മുഴുകിയിരുന്നതിനാൽ അവന്റെ കുടുംബത്തിനു എന്നു വേണ്ടാ, അവൻ വസിച്ചിരുന്ന കരക്കുകൂടെ വലിയ അപമാനത്തിനു ഹേതുഭൂതനായിരുന്നു. ഇവൻ ഒരിക്കൽ അവന്റെ ശത്രുവുമായി പോരാടുകയിൽ പരാജയനായി എന്നുതന്നെയുമല്ല, കിടക്കയിൽനിന്നും അനങ്ങുവാൻ പാടില്ലാത്ത വിധത്തിൽ അപകടമായ ഒരു മുറിവേൽക്കുന്നതിനും ഇടയായി. ഇപ്രകാരം ഇവൻ മരണാസന്നനായി കിടക്കയിൽ അവന്റെ സഹോദരനായ പത്രോസ് എന്ന വൈദികൻ അവനെ മാനസാന്തരപ്പെടുത്തുന്നതിന്നായി, ദൈവനീതി, അങ്ങേ അനുഗ്രഹം, വിധിയുടെ ഭയം, ന

രകാഗി മുതലായ ഹൃദയാകുലവും ഇള
ക്കവും വരത്തക്ക പല സംഗതികളെക്ക
റിച്ചും, ക്രൂരശകളുടെ ഗുണങ്ങളെപ്പററി
യും വളരെനേരം ഉപദേശിച്ചിട്ടും അ
വനെഅല്പംപോലുംഇളക്കുന്നതിന്ന കഴി
ഞ്ഞില്ല. തന്നെയല്ല, നല്ലകായ്ങ്ങൾ കേ
ൾക്കുംതോറും അവന്റെ ഹൃദയം കട്ടത്ത
വരികയും, അനേക ദൈവദൂഷണങ്ങ
ൾ പറകയും ചെയ്തിരുന്നു. ശത്രുവിനോ
ട പകരം വീട്ടണം എന്നുള്ള ലാക്ക താ
ൻ മരിച്ചാൽ സാധിക്കാതെ വരുമെന്ന
ഭയപ്പെട്ടിട്ട എന്ന തോന്നുമാറ്, ശത്രുവി
നെ ചതിക്കുന്നതിന്നായി മന്ത്രവാദത്താ
ൽ ക്രൂരകെട്ടണ്ടായിരുന്ന പിശാചിനെ
വലപ്പോഴും വിളിച്ചു താഴെ വരുപ്രകാ
രം പറയുന്നതായും ആളുകൾ കേട്ടു.
"സ്നേഹിതാ ഞാൻ നിന്നുമായി ശപിക്ക
പ്പെട്ടനായിരിക്കുന്നു; നിശ്ചയമാണ്. ഞാ
ൻ എന്നെ മുഴുവനും നിനക്കു കയ്യാളി
ച്ചിരിക്കുന്നു. ഏതായാലും എന്റെ ശത്രു
വിനോട നീ പകരം വീട്ടണം." ഇതൊ
കെയും കണ്ടിരുന്ന പത്രോസ് പട്ടക്കാര
ൻ സഹോദരനായ പാപിക്കുവേണ്ടി
ദൈവത്തോട കണ്ണുനീർ ചിന്തി, പ്രാർത്ഥി
ക്കയിൽ "പത്രോസെ, നീ എഴുന്നേറ്റു
വഴിയിലിരിക്കുന്ന, എന്റെ പ്രിയ ശി
ഷ്യനായ ശെമോനെ, നിന്റെ അനുജ
ന്റെ പക്കൽ ക്രൂരിക്കൊണ്ട വരിക" എ
ന്ന ഒരു സ്വരം കേട്ടു. ഈ സ്വരംത
ന്നെ രണ്ടു മൂന്നു പ്രാവശ്യം കേട്ടപ്പോൾ,
ഇതു പരലോകത്തിൽ നിന്നുള്ളതാണെ
ന്ന മനസ്സിലായി. ഉടനെ പുറപ്പെട്ട ചെ
ന്നു വി. ശെമോൻസ്സാക്ക എന്ന മഹാ
ത്മാവിനെ ദീനക്കാരന്റെ പക്കൽ കൊ
ണ്ടുവന്നു; ഈ പുണ്യവാൻ വന്നപ്പോൾ
ദീനക്കാരൻ മരണത്തിന്ന അടുത്തു വരു
ന്നു; തലക്കു സ്ഥിരമില്ലാത്തവനെപ്പോലെ
ഉച്ചസ്വരത്തിൽ ദൈവദൂഷണങ്ങൾ പ
റയുന്നു. ചുററും നിൽക്കുന്നവർ ഭയപ്പെട
ത്തക്കവണ്ണം, പിശാചിനെ ക്രൂരക്രൂരെ
വിളിക്കുന്നു. പല്ലിറുമ്മുന്നു. കണ്ണുകൾ ഉ
രുട്ടുന്നു. ആ മഹാത്മാവ് ഈ ഭാവം ക
ണ്ട കുറെനേരം മുട്ടുകുത്തി നമസ്കരിച്ച
ശേഷം അവന്റെ നെററിമേൽ കുരിശ
ടയാളം വരച്ച്, താൻ ക്രൂടെ കൊണ്ട
വന്നിരുന്ന തിരുവുത്തരീയത്തെ അവ
ന്റെ കഴുത്തിൽ ഇട്ടു. ഇതാ അത്ഭുത
മെ! കരിങ്കല്ലിന്നു സമമായിരുന്ന അവ
ന്റെ കട്ടത്ത മനസ്സു വെണ്ണപോ
ലെ ഉരുകി. ദീനക്കാരൻ വേറൊ
രു മനുഷ്യനായിത്തീർന്നു. ഉടമ്പടിക്കാരൻ
പിശാചിനെ ഉപേക്ഷിച്ചു. മനസ്സാപ
ത്തോടെ എല്ലാവരോടും പൊറുതി പറ
ഞ്ഞു. ശത്രുവിന്റെ നേർക്കുണ്ടായിരുന്ന പ
ക അശേഷം മാറിപ്പോയി. ദൈവമെ!
നിന്റെ നീതിയേക്കാൾ അനുഗ്രഹം അ
ധികമാണെന്നു ഇപ്പോൾ ഞാൻ അറി
ഞ്ഞു എന്നു നിലവിളിച്ചു. ചുരുക്കി പറ
യുന്നു. അവൻ പുണ്യവാനോട തന്നെ നല്ല
കുമ്പസാരം ചെയ്തു. അന്യക്രൂരശക
ളും കൈക്കൊണ്ട നല്ലമരണം പ്രാപി
ച്ചു. അവന്റെ അക്രമനടപടികളെ നല്ല
വണ്ണം മനസ്സിലാക്കിയിരുന്ന സഹോദ
രൻ പട്ടക്കാരൻ അവന്റെ ഭാവിയെ
പ്പററി വിചാരിച്ചു ദുഃഖിച്ചിരിക്കുമ്പോൾ
മരിച്ചവന്റെ ആത്മാവു അദ്ദേഹത്തിന്നു
കാണപ്പെട്ടു "അങ്ങു വിചാരിച്ചു ദുഃഖി
ക്കേണ്ടാ. മാലാഖാമാരുടെ രാജസ്ത്രീയുടെ
സഹായത്താലും, ആ മഹാത്മാവു എ
ന്നെ ധരിപ്പിച്ച തിരുഉത്തരീയത്തിന്റെ
ശക്തിയാലും സമാധാനത്തിന്റെ ഇട
ത്തിൽ ഞാൻ ചെന്നുചേർന്നിരിക്കുന്നു" എ
ന്നു ചൊല്ലി മറകയും ചെയ്തു. ഈ അ
ത്ഭുതസംഭവം നടന്നതു ഈ പരമനാഥ
തിരുവുത്തരീയം കൊടുത്ത നാളായ ക
ർക്കടകം ൟ-ാംനു-യാണ്.

അല്ലയോ പ്രിയ കുസുമ വായനക്കാ
രെ! കമ്മെലസഭയേയും, തിരുവുത്തരീയ
ഭക്തിയുടെ തുടസ്സവും, ഇതുവഴിയായി പ
രിശുദ്ധ കന്യാസ്ത്രീമറിയം ചെയ്ത അ
ത്ഭുതവും സംബന്ധിച്ചു ചുരുക്കമായെങ്കി
ലും നിങ്ങൾ കേട്ടല്ലൊ; പുരാതന കാ
ലത്തിൽ രാജാക്കന്മാർ പോലും ഉത്തരീ
യം ധരിക്കുന്നതു ഭോഷത്വമായി തോ
ന്നിയില്ലെന്നും ഞാൻ മുമ്പു പ്രസ്താവിച്ച
തും, നിങ്ങൾ വായിച്ചല്ലോ. എന്നാൽ,
നമ്മുടെ കാലത്തിലെ ചില ചെറുപ്പക്കാ
ർ വലിയവർ വെന്തിങ്ങം, അഥവാ
ഉത്തരീയം ഇടുന്നതും ഭോഷത്വമായി
ട്ടാണിരിക്കുന്നതു. നിത്യരക്ഷയുടെ അട
യാളമായിരിക്കുന്ന ഉത്തരീയത്തെ ഭോഷ
ത്വമായിട്ട കരുതുന്നവർ, നിത്യരക്ഷ

പ്രാപിക്കണം എന്നുള്ളതും ഭോഷത്വമായി തോന്നിയേക്കാം. രക്ഷപെട്ടവക്ക് മാതാവിന്റെ മാദ്ധ്യസ്ഥം അവശ്യമാണല്ലോ. ഈ ക്രട്ടർ വിചാരിക്കുന്ന ഭോഷത്വം എന്തിൽ അടങ്ങിയിരിക്കുന്നുയെന്നു ഇനിക്ക മനസ്സിലാകുന്നില്ല. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ രാജാവും ഇൻഡ്യാചക്രവർത്തിയുമായ ജോർജ്ജ് പഞ്ചമന്റെ ജന്മനക്ഷത്രം പ്രമാണിച്ച് ഈയിട പല മഹാന്മാക്കും, ഉദ്യോഗസ്ഥന്മാക്കും ഓരോ കീർത്തിമുദ്രകൾ കൊടുത്തതായി നാം പത്രങ്ങളിൽ വായിച്ചിരിക്കുമല്ലോ. മഹാരാജാവിന്റെ സ്നേഹസൂചകമായ ഈ ദാനം വെറും ലൌകിക ബഹുമാനത്തെ നൽകുന്ന ഒന്നായിരുന്നാലും, അതിനെ ലഭിച്ചവർ എത്ര ബഹുമാനത്തോടെ അതിനെ സ്വീകരിക്കുകയും, തങ്ങൾക്ക ഒരു ജയചിഹ്നം കിട്ടിയെന്നു വിചാരിക്കുകയും ചെയ്യുന്നു. വിശേഷ അവസരങ്ങളിലും ജനസമൂഹങ്ങളിലും അതിനെ ധരിക്കുകയും ചെയ്യുന്നു. അത്ര ഭോഷത്വമാണെന്നു വല്ലവനും വിചാരിക്കുന്നുണ്ടോ? വസ്തുവിന്റെ വലിപ്പത്തേക്കാൾ കൊടുക്കുന്നവന്റെ വിലയെ നോക്കുന്നതും സാധാരണയാണ്. ഈ രണ്ടു സംഗതികളിലും ദൈവജനനി അങ്ങേ മക്കൾക്കു കൊടുത്തദാനം വലുതായി കരുതേണ്ടതാണ്. ചിലപരിശുദ്ധാരേച്ഛുക്കൾക്കുനമ്മുടെരക്ഷയുടെ വിരുതായ ഉത്തരീയം ധരിക്കുന്നതു പ്രത്യേകം അന്യമതക്കാരുടെ ഇടയിലായാൽ വളരെലജ്ജാവഹമാണ്. ഇപ്രകാരമുള്ളവരെ നാം ഒരിക്കലും അനുകരിക്കേണ്ടതല്ല. ഉത്തരീയഭക്തിയുടെ ഓർമ്മ നമ്മിൽ നിലനിറുത്തുന്നതിനാണ് തിരുസ്സഭ വത്സരംപ്രതി കർമ്മേല ഉത്തരീയ തിരുനാൾ ഘോഷിച്ചു നമ്മെ ഉണർത്തുന്നതു്. അതിനാൽ ഈ മാസത്തിലും പ്രത്യേകം ഉത്തരിയ തിരുനാൾദിവസത്തിലും നമുക്ക ലഭിപ്പാൻ പാടുള്ള ദൈവാനുഗ്രഹങ്ങളെ കൈക്കൊള്ളുന്നതിനു ശ്രമിക്കണം. അനേദിനം, കുമ്പസാരിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളുന്ന എല്ലാ ഉത്തരീയ സഭക്കാർക്കും മുഴുവൻദോഷപൊറുതി ലഭിക്കാവുന്നതാണ്. ക്രൂടാതെ കർമ്മലീത്താ ആശ്രമദേവാലയങ്ങളിൽ പ്രവേശിച്ചു് എത്ര പ്രാവശ്യം, ശുദ്ധമാപ്പുപ്പായുടെ നിയോഗപ്രകാരം അപേക്ഷിക്കുമോ അത്രയും പ്രാവശ്യം മുഴുവൻ ദോഷപൊറുതി ലഭിക്കാവുന്നതും ആണ്. അപ്പൊഴോ ഇത്ര വളരെ അനുഗ്രഹങ്ങളെ പ്രദാനംചെയ്യുന്നതായ ഉത്തരീയത്തെ അതിന്റെ ചട്ടപ്രകാരം ധരിച്ചു പുണ്യമായി ജീവിക്കുന്നതിനു് ശ്രമിക്കണം.

൧൯൦൭. ൨. ൫

ജ്ഞാനപുസ്തകവായന.

ജപധ്യാനങ്ങളിൽ നാം ദൈവത്തോടു സംഭാഷിക്കുന്നു. എന്നാൽ ജ്ഞാനപുസ്തകങ്ങളെ നാം വായിക്കുയിൽ ദൈവം നമ്മോടു സംസാരിക്കുയത്രെ ചെയ്യുന്നതു്. ഭക്തിജനകമായ പുസ്തകങ്ങൾ വഴിയായി കർത്താവു നമ്മെ പഠിപ്പിക്കുയും നാം എന്തുചെയ്യാൻ അവിടുന്നു ചിത്തമായിരിക്കുന്നുവെന്നു നമ്മെ ഗ്രഹിപ്പിക്കുയും ചെയ്യുന്നു. അവകൾ വഴിയായി നമ്മുടെ ശത്രുവിന്റെ എത്രയും ഉപായകരങ്ങളായ ദുരാലോചനകൾ ഏവയെല്ലാമെന്നും, അവയിൽനിന്നു രക്ഷപ്രാപിക്കുന്നതെങ്ങിനെയെന്നും നാം കണ്ടുപിടിക്കുന്നു. ഈ വിധ വായന നമ്മുടെ ആത്മാവിന്റെ എത്രയും ശ്രേഷ്ഠമായ രോഗങ്ങളേയും അവകൾക്ക വേണ്ടത്തക്ക ഫലസിദ്ധിയുള്ള പ്രത്യൌഷങ്ങളേയും നാം കണ്ടു ഗ്രഹിക്കുന്നതിന്നായി ന. ദിവ്യരക്ഷകൻ നമുക്കു കാണിച്ചുതരുന്ന ഒരു ദൃഷ്ടാന്തമാകുന്നു.

ജ്ഞാനവായന വഴിയായി പരിശുദ്ധാത്മാവു നമ്മുടെ ഹൃദയത്തോടു സംസാരിക്കുയും, നമ്മുടെ കുറവുകളേയും കുറ്റങ്ങുകളേയും നമുക്കു പ്രത്യക്ഷമാക്കിത്തരികയും, സ്നേഹത്തിന്റെ ഊറവും രഹസ്യവഞ്ചനകളെക്രൂടെയും നമുക്കു സ്പഷ്ടമായി കാണിച്ചുതരികയും ചെയ്യുന്നു. ഇതിൽനിന്നു പുണ്യത്തിന്റെ വിലയും, മഹിമയും, മാധുര്യവും, പാപത്തിന്റെ ശോചനീയ ഫലങ്ങളും, ദൈവത്തിങ്കലേക്കുള്ള വഴിയും, പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള മാർഗ്ഗവും കണ്ടു

റിയുന്നതിന്നു് നാം പഠിക്കുന്നു. ഇതിൽ നിന്നുതന്നെയത്രെ വിശുദ്ധന്മാരുടെ ശാസ്ത്രത്തെ മുഖ്യമായി നാം പഠിക്കുന്നതു്.

ജ്ഞാനപുസ്തകങ്ങൾ, വി. ആഗസ്തീനോസു് പറയുന്നതുപോലെ, നമ്മുടെ സ്വർഗ്ഗീയ ഗൃഹത്തിൽനിന്നു നമുക്കു വരുന്ന കത്തുകൾ പോലെ ആകുന്നു. ആകയാൽ, അനേക കാലമായി സ്വന്ത നാടിനെ വിട്ടു് അന്യദേശത്തിൽ പോയി വസിക്കുന്ന ഒരുവന്നു് സ്വഗൃഹത്തിൽനിന്നു് ഒരെഴുത്തു കിട്ടിയാൽ അവൻ എത്ര ജാഗ്രതയോടും സന്തോഷത്തോടുംകൂടെ അതിനെ വായിക്കുമോ, അപ്രകാരം തന്നെ ഈ കാര്യത്തിൽ നാമും പ്രവർത്തിക്കേണ്ടതാകുന്നു. സ്വർഗ്ഗത്തിലുള്ള നമ്മുടെ മാതാപിതാക്കൾ, ബന്ധുമിത്രങ്ങളാദിയായവർക്കു് എത്രമാത്രം യോഗ്യതകളും സമ്പത്തുമുണ്ടെന്നും, അവർ ഏതു വിധത്തിൽ അവയെല്ലാം സമ്പാദിച്ചെന്നും, ഇത്ര സൌഭാഗ്യസ്ഥിതിയിൽ എത്തുന്നതിന്നായി അവർ പിടിച്ച പോംവഴികളേവയെന്നും, ഈ ജീവിതത്തിലുള്ള സന്തോഷങ്ങൾ, ധനസമ്പത്തുകൾ, ആപത്തനർത്ഥങ്ങൾ ആദിയായവയെപ്പറ്റി അവർ എന്തു വിചാരിക്കുന്നുവെന്നുള്ള സംഗതികളേക്കുറിച്ചു് ഈ പുസ്തകങ്ങളിൽ എന്തു പറയപ്പെട്ടിരിക്കുന്നുവെന്നു മനസ്സിലാക്കുന്നതിന്നായും നാം അവയെ വായിക്കേണ്ടിയിരിക്കുന്നു.

നമുക്കു വഴക്കമുള്ള ഹൃദയവും ശുദ്ധകരുത്തും പുണ്യത്തിൽ അഭിവൃദ്ധിയും പ്രാപിക്കണമെന്നുള്ള യഥാർത്ഥമായ ആഗ്രഹവുമുണ്ടെങ്കിൽ ജ്ഞാനപുസ്തകങ്ങൾ സാക്ഷാൽ നമ്മുടെ ഉത്തമ ഉപദേഷ്ടാക്കളായി തീരുന്നതാണു്. വിശുദ്ധന്മാരുടെ ജീവചരിത്രത്തെക്കുറിച്ചു ഇത്ര പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ചിലപ്പോൾ അവ ചില പുണ്യവാന്മാരായ ബാലികാബാലന്മാരുടെ ആശ്ചര്യമായ ധീരപ്രവൃത്തികളെ നമുക്കു തെളിവായി കാണിച്ചുകൊണ്ടു അവരെ അനുകരിക്കുന്നതിന്നു നമ്മെ ഉത്സാഹിപ്പിക്കുന്നു. വിശുദ്ധരുടെ പോരാട്ടങ്ങളേയും വിജയങ്ങളേയും ജയസന്തോഷങ്ങളേയും വർണ്ണിച്ചുകൊണ്ടു് അവ നമ്മുടെ ഭീരുത്വത്തെ ലജ്ജിപ്പിക്കയും നമ്മുടെ മനസ്സിൽ ധൈര്യം വരുത്തുകയും ചെയ്യുന്നു.

മറ്റു ചിലപ്പോഴോ എന്നാൽ, ദൈവത്തിലുള്ള നമ്മുടെ മനോശരണത്തെ ഉജ്ജീവിതപ്പെടുത്തുന്നതിന്നും, നമ്മുടെ വിശ്വാസത്തേയും ശരണത്തേയും ശുഷ്കാന്തിയേയും വർദ്ധിപ്പിക്കുന്നതിന്നുംവേണ്ടി വിശുദ്ധരുടെ പരീക്ഷകളെയും തെറ്റുകുറ്റങ്ങളെയും അവരുടെ വീഴ്ചകളെക്രൂടെയും അവ വെളിപ്പെടുത്തുന്നു. എന്തെന്നാൽ ഇവരെ കാൺകയിൽ ഈ വിശുദ്ധർ നമ്മെപ്പോലെയുള്ള സൃഷ്ടികൾ തന്നെയെന്നും, നമുക്കുള്ള ആശാപാശങ്ങളാൽതന്നെ ബന്ധിക്കപ്പെട്ടിരുന്നവരെന്നും നമ്മുടെ ശത്രുക്കളാൽതന്നെ എതിർക്കപ്പെട്ടിരുന്നവരെന്നും നമുക്കുള്ള വിവിധ ദുഃഖസങ്കടങ്ങളിൽ ഉൾപ്പെട്ടിരുന്നവരെന്നും നമ്മുടെ ജീവിതാവസ്ഥയിൽതന്നെ ആയിരുന്നവരെന്നും നമ്മുടെ വർഗ്ഗത്തിൽ പെട്ടവരെന്നും മറും നാം സ്പഷ്ടമായി ഗ്രഹിക്കുന്നു. എന്നാൽ അവർ നമ്മേക്കാൾ അധികധാരാള സ്വഭാവക്കാരും അധിക വിശ്വാസമുള്ളവരുമായിരുന്നതിനാൽ, നമുക്കും അവർക്കും പൊതുവായ പോംവഴികളേയും മാർഗ്ഗങ്ങളേയും സധൈര്യം പിടിച്ചുകൊണ്ടു് കർത്താവിന്റെ സഹായത്തോടെ മേല്പറഞ്ഞ ശത്രുക്കളെ ആക്രമിക്കയും, വിഘ്നങ്ങളെ ജയിക്കയും, ആശാപാശങ്ങളെ കീഴമർത്തുകയും, പഞ്ചേന്ദ്രിയങ്ങളെ അടക്കി ക്രമപ്പെടുത്തുകയും ചെയ്തു് സുകൃതത്തിൽ അഭ്യസിച്ചുകൊണ്ടു് അവസാനം പുണ്യപൂർണ്ണതയുടെ ഉയർന്ന പദവിയിൽ എത്തിയിരിക്കുന്നതായും നാം കാണുന്നു.

(തുടരും)

CHARMARAM COLLEGE LIBRARY 15614

വിശുദ്ധ കുർബ്ബാന.

ഈ പരമകൃദാശയുടെ സ്വഭാവം മാഹാത്മ്യം, പ്രയോജനം, ആവശ്യം ഇത്യാദി ഗുണങ്ങളെപ്പറ്റി ജ്ഞാനത്തിലും സുകൃതത്തിലും പ്രശോഭിതരായ പൂർവ്വപി

താക്കന്മാരും വേദപാരഗന്മാരും ഏറ്റവും വ്യക്തമായി പഠിപ്പിച്ചാരാധിക്കുന്നതു എന്തെന്നു ക്രടി നാം പര്യാലോചിക്കുന്നതായാൽ ഇതിന്റെ നേർക്കു പൂർവ്വാധികം ഭക്തിവാത്സല്യവും പൂജ്യതയും നമ്മിൽ ഉളവാകുന്നതുമെന്നിയെ, ഇതിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന നിരവധി വരപ്രസാദങ്ങളും നന്മകളും ലഭിക്കുന്നതിനു നമുക്കു അത്യുത്സാഹവും താല്പര്യവും ജനിക്കുന്നതുമാണ്.

വിശുദ്ധ അഗസ്തീനോസ് ഇപ്രകാരം പറയുന്നു. "ഈ ദേവദ്രവ്യാനുമാനം ക്രദാശചെയ്യുന്ന ആളിന്റെ യോഗ്യതയാൽ അല്ല. സ്രഷ്ടാവിന്റെ വചനത്താലത്രെ നിറവേറുന്നതു്. ഇതിന്റെ ഫലം ശുശ്രൂഷികളുടെ യോഗ്യതകൾകൊണ്ടു ക്രട്ടുന്നുമില്ല, അവരുടെ അയോഗ്യതകൾകൊണ്ടു കുറയുന്നുമില്ല."

വിശുദ്ധ അമ്പ്രോസീസ് പറയുന്നതായതു്: "ഏലിയായുടെ വാക്യം ആകാശത്തിൽ നിന്നു തീയിറക്കത്തക്കവണ്ണം അത്ര ശക്തിയുള്ളതായിരുന്നെങ്കിൽ, മിശിഹായുടെ വാക്യത്തിനു അപ്പത്തിന്റെയും വീഞ്ഞിന്റെയും കാതൽ മാറുന്നതിനു ശക്തിയുണ്ടായിരിക്കയില്ലയോ? ഭ്രലോകം മുഴുവന്റെയും അതിലെ സകല വസ്തുക്കളുടെയും സ്രഷ്ടിപ്പിനെക്കുറിച്ചു നീ വായിച്ചിട്ടില്ലയൊ? അങ്ങുന്നു അരുൾചെയ്തു, അവ ഉണ്ടായി; അങ്ങുന്നു കല്പിച്ചു, അവ സ്രഷ്ടിക്കപ്പെട്ടു എന്നല്ലയൊ എഴുതപ്പെട്ടിരിക്കുന്നതു്? ഇപ്രകാരമെങ്കിൽ, ഇല്ലായ്മയിൽ നിന്നു ഉണ്ടാക്കുവാൻ വശമുള്ളവനായ മിശിഹായിക്കു തന്റെ തിരുവാക്യത്താൽ ഉള്ളാഴ്മയിൽ ഇരിക്കുന്ന ഒരു വസ്തുവിനെ വേറൊന്നായി ഭേദപ്പെടുത്തുവാൻ കഴികയില്ലയൊ? പുതുതായി വസ്തുക്കളെ സ്രഷ്ടിക്കുയൊ, പണ്ടേ ഉണ്ടായിരിക്കുന്ന വസ്തുക്കളുടെ പ്രകൃതിയെ ഭേദപ്പെടുത്തുകയൊ ഏതാണു് എളുപ്പം?"

എവുസേബിയോസ് എന്ന വിശ്രുത ഗ്രന്ഥകർത്താവു ഈ വിഷയത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു: "കല്പിക്കുന്ന കർത്താവിന്റെ ഒരു അടയാളത്തിനു ഉന്നതമായ ആകാശമണ്ഡലവും അഗാധമായ സമുദ്രവും വിസ്തീർണ്ണമായ ഭ്രഖണ്ഡവും തൽക്ഷണം ഉണ്ടായതുപോലെ, ഈ വിശുദ്ധ ക്രദാശയിൽ വചനത്തിന്റെ ശക്തി കല്പിക്കുന്ന ക്ഷണത്തിൽ ഫലം ഉളവാകുന്നു. ആകയാൽ ആ വിശ്വാസത്തിന്റെ സകല സന്ദേഹങ്ങളും അശേഷം നിങ്ങിപ്പോകട്ടെ. എന്തുകൊണ്ടെന്നാൽ ദാനത്തിന്റെ കർത്താവു തന്നെയാണു സത്യത്തിന്റെ സാക്ഷിയുമായിരിക്കുന്നതു്."

വിശുദ്ധ ലൊറന്ത്യോസ് യുസ്തിനിയാനോസ് ഈ ക്രദാശയുടെ ഔന്നത്യത്തെ ഗാഢമായി ചിന്തിക്കയിൽ ആശ്ചര്യപരവശനായി നിലവിളിച്ചു പറയുന്നതാവിതു്: ഹാ! സ്രഷ്ടാവിന്റെ അവർണ്ണനീയമായ മാഹാത്മ്യമെ! ഹാ! ഉപവിയുടെ നിർവ്യാജ്യമായ ആശ്ചര്യമെ! ഇവയെ ഓർക്കയിൽ പരിഭ്രമിക്കാത്തവനാർ! ഇവയെ ചിന്തിക്കയിൽ ആനന്ദത്തോട്ക്രടി അതിശയിക്കാത്തവനാർ! സംശയമെന്നിയെ, ഇതുകളെ അപേക്ഷിപ്പാൻ മാത്രമല്ല, വിചാരിപ്പാൻപോലും യാതൊരു മനുഷ്യനും തുനിയുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ കൃപാധിക്യത്തിന്റെ ഈ പ്രവൃത്തി സകല മനുഷ്യരുടേയും ശ്രേഷ്ഠതയെ അത്യന്തം കവിയുന്ന ഒന്നാണ്.

വിശുദ്ധ ബർണ്ണാർദ് ഇപ്രകാരം പറയുന്നു: ഈ അപ്പം അതിന്റെ വൈശിഷ്ട്യംകൊണ്ടു, സൽപ്രസാദം എന്നു വിളിക്കപ്പെടുന്നു. എന്തെന്നാൽ, ഈ ക്രദാശയിൽ സകല വരപ്രസാദം മാത്രമല്ല, സമസ്തപ്രസാദവും ആരിൽ നിന്നു ഉത്ഭവിക്കുന്നുവൊ ആ ദൈവം തന്നെയാണ് കൈക്കൊള്ളപ്പെടുന്നതു്.

മഹാനായ വിശുദ്ധ ഗ്രിഗോറിയോസ് പറയുന്നതെന്തെന്നാൽ: ദിവ്യപൂജയുടെ സമയത്തു പട്ടക്കാരന്റെ ഒരു വചനത്തിനു, പരമണ്ഡലങ്ങൾ തുറക്കപ്പെട്ടു മാലാഖമാരുടെ സേനകൾ ഈശോമിശിഹായുടെ പരമരഹസ്യത്തിനു ഭക്തിപൂർവ്വം സന്നിഹിതരായിരിക്കയും ആകാശവും ഭ്രമിയും തമ്മിൽ യോജിക്കയും ദൃശ്യവും അദൃശ്യവുംക്രടി ഒന്നായിത്തീരുകയും ചെയ്യുന്നു എന്നുള്ളതു് ഏതു ക്രിസുവനാണ് സംശയിക്കുന്നതു്?

വിശുദ്ധ തോമ്മാ വില്ലനോവാ

ചോദിക്കുന്നതായത്: മിശിഹാ കർത്താവിൽ വിശ്വസിക്കുന്നെങ്കിൽ, ഈ ക്രമാശയിൽ എന്തു വൈഷമ്യമാണുള്ളത്? മിശിഹാ ഇതു എന്റെ ശരീരം ആകുന്നു എന്നു പറയുന്നു. ഇതിന്മേൽ സംശയിപ്പാൻ ആർക്കെങ്കിലും തുനിവുണ്ടാകുമൊ? എന്തുകൊണ്ടെന്നാൽ, പറയപ്പെടുന്ന കൃത്യങ്ങൾ വിശ്വസിക്കുന്നതിനു പ്രയാസമുള്ളവ ആയിരുന്നാലും പറയുന്ന ആളിന്റെ അധികാരം നോക്കുമ്പക്ഷം, വിശ്വസിപ്പാനുള്ള പ്രയാസം നിങ്ങിപ്പോകുന്നു. ആയതുകൊണ്ട്, പറയപ്പെടുന്നതു് എന്തെന്നു സൂക്ഷിക്കേണ്ട, പറയുന്ന ആൾ ആരെന്നു ചിന്തിച്ചുകൊൾക.

വിശുദ്ധ സിപ്രിയാനോസ് പ്രസ്താവിക്കുന്നു: പുളിപ്പില്ലാത്ത ഈ അപ്പം സത്യവും യഥാർത്ഥവുമായ ഭോജനമാകുന്നു. ഇതു ബാഹ്യമായ സാദൃശ്യവും ക്രമാശയുംമൂലം നമ്മെ സ്പർശിച്ചു ശുദ്ധീകരിക്കയും വിശ്വാസംകൊണ്ടു നമ്മെ പ്രകാശിപ്പിക്കയും, സത്യത്താൽ മിശിഹായോടു നമ്മെ തുല്യരാക്കുകയും ചെയ്യുന്നു. നാം ദിവസേന ഭക്ഷിക്കുന്ന സാധാരണ അപ്പം ശരീരത്തിന്റെ ജീവനായിരിക്കുന്നതുപോലെ, ഈ അതി സ്വഭാവിക അപ്പം ആത്മത്തിന്റെ ജീവനും ബോധത്തിന്റെ സൌഖ്യവും ആകുന്നു.

വിശുദ്ധ യോഹന്നാൻ ക്രീസോസ്തോമോസ്, പറയുന്നതായത്: ഈ ക്രമാശ മുഖ്യമായി രണ്ടു വലുങ്ങളെയാണു തമ്മിൽ ചെയ്യുന്നതു്. അതായത്, അല്പ പാപങ്ങളെ കുറയ്ക്കുകയും വലിയ പാപങ്ങളിൽ വീഴാതിരിപ്പാൻ കാത്തുകൊള്ളുകയും ചെയ്യുകയാകുന്നു. നിങ്ങളിൽ ആർക്കെങ്കിലും കോപം, അസൂയ, മോഹം, മുതലായ ദുർഗുണങ്ങളുടെ ഇളക്കങ്ങൾ അത്ര ക്രൂരക്രൂടയും അത്ര ശക്തിമത്തായും തോന്നുന്നില്ലെങ്കിൽ, മിശിഹായുടെ തിരുശരീരത്തിനു സ്തോത്രം ചെയ്യേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ ക്രമാശയുടെ ശക്തിയത്രെ പ്രസ്തുത ദുരാശകളെ അടക്കുന്നതു്.

എന്നാൽ മഹാത്മാക്കൾ വിശുദ്ധ കുർബ്ബാനയെ വാക്കുകളാൽ സ്തുതിക്കുമാത്രമല്ല പ്രവൃത്തികളാൽ എങ്ങിനെ അതിനെ ആചരിച്ചിരുന്നു എന്നുള്ളതും ആലോചിക്കുന്നതായാൽ, അവരുടെ ദൃഷ്ടാന്തം ഈ രക്ഷാകര ഭക്തിയിലേക്കു നമ്മെ അതിയായി ആകർഷിക്കാതിരിക്കയില്ല.

പ്രാൻസിലെ പ്രൻസിസ്സോസ് പ്രഥമൻ എന്ന രാജാവു്, തന്റെ രാജ്യത്തു നിരന്തരമായും അടക്കുവാൻ വഹിയാത്തവണ്ണവും ഉണ്ടായിരിക്കൊണ്ടിരുന്ന ലഹളകളും ശണ്ഠകളും നിമിത്തം ഇടത്തുട മുതലായ ഭയങ്കരരോഗങ്ങൾ ഒരു സാംക്രമികരോഗംപോലെ ജനങ്ങളുടെയിടയിൽ പടർന്നുപിടിച്ചു വരുന്നതു കണ്ടു അത്യധികം ക്ലേശിക്കയും ദൈവത്തോടു കരിവോട്ടുകൂടി പ്രാർത്ഥിക്കയും ചെയ്തിരുന്നു. എന്നാറെ മേല്പറഞ്ഞ തിന്മകൾക്കു ശമനവും ഉണ്ടാകാതിരിക്കയിൽ, ദൈവത്തോന്നിപ്പനുസരിച്ചു താഴെ പറയുന്ന ദൈവിക പ്രത്യൌഷധിയാണു ഉപയോഗിച്ചതു്. എന്തെന്നാൽ, തലസ്ഥാനപട്ടണമായ പരീസിൽ സകല പ്രജകളും കൂടി പൊതുവായ പ്രാർത്ഥന കഴിക്കുന്തിനും വിശുദ്ധ കുർബ്ബാനയുടെ ആഘോഷപൂർവ്വമായ ഒരു പ്രദക്ഷിണം നടത്തുന്നതിനും ആജ്ഞാപിക്കയും രാജാവു തന്നെ അതീവ ഭക്തിവിനയത്തോടെ കൈയ്യിൽ കത്തിച്ച മെഴുകുതിരി പിടിച്ചുകൊണ്ടും, തലയിൽ രാജമുടി വൈക്കാതെകണ്ടും പ്രസ്തുത ആഘോഷകർമ്മങ്ങൾക്കു സന്നിഹിതനായിരിക്കയും ചെയ്തു. വിശിഷ്യാ, അനവധി പ്രഭുക്കന്മാരും മറ്റു മഹാജനങ്ങളും ഈ ആവശ്യാർത്ഥം പരീസിലെ ബ്രഹ്മാണ്ഡദേവാലയത്തിൽ വന്നുകൂടിയ ആ അവസരത്തിൽ മഹാഭക്തനായ രാജാവു വിശുദ്ധ കുർബ്ബാനയുടെ ഔന്നത്യ മഹിമയെയും അതിന്റെ നേരെ മനുഷ്യർ കാണിക്കേണ്ടിയ ആരാധന വണക്കത്തെയും പറഞ്ഞു രാജകീയ വാശാലതയോടുകൂടിയ ഒരു പ്രസംഗം ചെയ്യുകയും ഒടുവിൽ അശ്രുധാര ഒഴുക്കിക്കൊണ്ടു, തന്റെ രാജ്യത്തിന്റെ ഏകശരണമായിരുന്ന ഹെൻറീക്കോസ് രാജകുമാരനിൽ തന്നെ ആയിരുന്നാലും ഇടത്തുടിന്റെ കറപറ്റിയതായി കണ്ടാൽ, തൽക്ഷണം അവനെ ദൈവിക സത്യത്തെക്കുറിച്ചു പൂജിപ്പാൻ താൻ സന്നദ്ധനായിരിക്കുന്നു എന്നു ക്രടി വിളിച്ചു പറകയും ചെയ്തു. ഈ പു

ണ്യരാജാവിന്റെ ഈ ഭക്തികൃത്യത്തിന്മേൽ ദൈവം ഏറ്റവും പ്രസാദിച്ചു രാജ്യത്തിൽ സമാധാനവും വിശ്വാസസ്ഥിരതയും നൽകുകയും ചെയ്തു.

ഫ്രാൻസ് ഫ്രാൻ. ഫ്രാൻ

വി. മഗ്ദലീത്ത അലക്കോക്കു്.

(തുടർച്ച.)

വളരെ നാളത്തേക്കു സന്ന്യാസ അന്തസ്സിൽ പ്രവേശിക്കുന്നതിനു ആഗ്രഹിച്ചിരുന്ന ഈ ആത്മാവിനെ, ന. കർത്താവു് തന്റെ വരപ്രസാദത്താൽ തെളിയിച്ചിരുന്നു. ദിനംതോറും അവൾ അതിനു അധികമധികം അധിനപ്പെടുകയും ചെയ്തു; എന്നാൽ കാലം ചെല്ലുന്തോറും അവളുടെ ഗൃഹത്തിലുള്ളവർ അവളെ ലോകത്തിലേക്കു ചായിക്കുവാൻ നോക്കിവന്നു; അവളെ വിവാഹം ചെയ്യുന്നതിനും പലർ ആഗ്രഹിച്ചു് അനുഷിക്കയും അവളുടെ വീട്ടുകാർ അവളെ അതിയായി നിർബന്ധിക്കയും ചെയ്തു; അവൾ ഇതുകളെ എപ്രകാരം ജയിക്കും? എന്നാൽ ന. കർത്താവു അവളെ ഉപേക്ഷിച്ചില്ല. അങ്ങനെ അവളോടു സാഹസപ്പെട്ടു; കുറ്റപ്പെടുത്തി; ശിക്ഷയാൽ ഭയപ്പെടുത്തി. പല പ്രാവശ്യവും മിശിഹാ കർത്താവു വീലാത്തോസ് "ഇതാ മനുഷ്യൻ" എന്നു ചൊല്ലിയ സമയം എപ്രകാരമായിരുന്നോ ആ വിധത്തിലോ, അഥവാ കൽത്തുണിൽ കെട്ടി അടിക്കപ്പെട്ട ഭാഷയിലോ, ഇങ്ങനെ പല പ്രകാരത്തിൽ അവൾക്കു കാണപ്പെട്ടു, അവളുടെ ദൈവതോന്നിപ്പിനോടുള്ള മറുതലയെപ്പറ്റി കുറ്റപ്പെടുത്തുക സാധാരണ ആയിരുന്നു. അപ്പോഴൊക്കെയും അവളുടെ ഹൃദയം ഇളകി ദൈവതിരുമനസ്സിനു കീഴ്വഴങ്ങണമെന്നു ഉറക്കും; എന്നാൽ വിണ്ടും അവളുടെ അന്തർ സമരം ആരംഭിക്കയും, ഹൃദയം മനസ്സു മുതലായവ സംശയസ്ഥിതിയിലാകയും ചെയ്യും. എന്നാൽ കർത്താവു് ഈ തെരഞ്ഞെടുക്കപ്പെട്ട ആത്മാവിനെ ഉപേക്ഷിക്കാതെ അനുഗ്രഹിച്ചിരുന്നു. ഒടുവിൽ അങ്ങേ ഉദ്ദിഷ്ടകാര്യം സഫലമാകയും ചെയ്തു. അങ്ങനെ "നീ എന്നിൽ വിശ്വാസമായി എന്നെ അനുകരിക്കുന്നതിനു ആഗ്രഹിക്കുന്നുവെങ്കിൽ എന്നെ അറിയുന്നതിനു നിന്നെ ഞാൻ പഠിപ്പിക്കയും, എന്റെ ഹൃദയരഹസ്യങ്ങളെ മുഴുവൻ നിനക്കായിട്ടു തുറക്കയും ചെയ്യാം" എന്നു ഒരു ദിനം വി. ദിവ്യകാരുണ്യസ്വീകരണശേഷം അവളോടു ചൊല്ലി അവളുടെ സംശയങ്ങളെ നിവാരണം ചെയ്തുണ്ടായി. അതിൽ പിന്നെ വി. കുരിശിനെ അവളുടെ ഏക ഉപാദ്ധ്യായനായി കരുതിപോന്നു. ദൈവസ്നേഹസംപൂർണ്ണമായ ഈ സ്കൂളയിൽ, അവളുടെ ലോകത്തിലെ അവസാന യുദ്ധങ്ങൾക്കു സാമഗ്രികൾ ശേഖരിച്ചു. ദുഃഖസാഗരത്തിൽ മുഴുകിവലഞ്ഞിരുന്നപ്പോൾ അവൾ തന്റെ സ്നേഹഭാജനമായ കുരിശിൻ മുമ്പാകെ മുട്ടുകുത്തി ഇപ്രകാരം അപേക്ഷിച്ചിരുന്നു: "എന്റെ ഏറ്റവും പ്രിയകർത്താവെ! നിന്റെ പങ്കുപ്പാടുകളുടെ സാദൃശ്യം എന്നിൽ പതിക്കുന്നതിനു തിരുമനസ്സായാൽ ഞാൻ എത്രയോ ഭാഗ്യമുള്ളവൾ ആയിത്തമഞ്ഞേനേ?" അതിനു ഈശോനാഥൻ "നീ എന്റെ തോന്നിപ്പുകൾക്കു മറുതലിക്കാതെ നിന്നാൽ പാടുള്ളതു ചെയ്യുന്നുവെങ്കിൽ ഞാൻ നിന്നിൽ ചെയ്യണമെന്നു വിചാരിക്കുന്നതു ഇതു തന്നെയാകുന്നു" എന്നു പ്രത്യുത്തരം പറകയും ചെയ്തിരുന്നു. പങ്കുപ്പാടിനുമേലുള്ള ഇത്രഹരിവായ ആഗ്രഹം ഈ ഹൃദയത്തിന്റെ നൈർമ്മല്യത്തെ എത്രയോ തെളിവായി കാണിക്കുന്നു.

മനുഷ്യരക്ഷക്കായി പാടുപെട്ട മരിച്ച മിശിഹായെ പോലെയുള്ള സങ്കടങ്ങൾ അനുഭവിക്കുന്നതിനായി മഗ്ദലീത്ത അനേകവർഷത്തേക്കു ശ്രമിച്ചു. അവൾ ചെയ്തിരുന്ന പ്രായശ്ചിത്ത പ്രവൃത്തികളുടെ എണ്ണവും വണ്ണവും മാത്രം ശ്രവിച്ചാൽ എത്ര വലിയ ധൈര്യശാലിയും ഞെട്ടിപോകും. ദൈവവരപ്രസാദത്താൽ ഉറപ്പിക്കപ്പെട്ടിട്ടു അവളുടെ അവസാന പരീക്ഷയിൽ അവൾ വിജയി ആയി. പരിശുദ്ധ കന്യാസ്ത്രീമാതാവു തന്നെ അവളുടെ സഹായത്തിനു വരികയും, അ

വളുടെ മാത്രേയുള്ള പിള്ളങ്ങളെല്ലാം ജയിച്ചു ദൈവജനനിയുടെ നാമത്താൽ അലങ്കരിക്കപ്പെട്ടിരുന്ന ഒരു സഭയിലെ അംഗമാകുവാൻ ഇടവരുമെന്നു പറഞ്ഞു അവളെ സ്നേഹിക്കയും ചെയ്തു. പല സഭകളുടേയും പേർ അവളോടു ചൊല്ലിയാറേ അതിലൊന്നിലുമല്ല, തന്നെ ദൈവം വിളിച്ചിരിക്കുന്നതെന്നു അവൾ നിശ്ചയമായി പറഞ്ഞിരുന്നു. പാരേ ആശ്രമത്തിന്റെ നാമം ഉച്ചരിച്ചമാത്രയിൽ അവൾ സന്തോഷഭരിതയായി ഉടനെ അതിൽ തന്നെ എന്നു സമ്മതിച്ചു. ഏറെ താമസിയാതെ അവളുടെ തെരഞ്ഞെടുപ്പു ശരിതന്നെയെന്നു നിശ്ചയമായി അറിയുന്നതിനു സംഗതി ആയി. പുണ്യവതി ആദ്യമായി പാരേ ആശ്രമത്തിന്റെ മണിവാതിലൂൽ പ്രവേശിക്കയിൽ "നീ ഇവിടെ ആയിരിക്കണമെന്നാകുന്നു എന്റെ ആഗ്രഹം" എന്നു ഒരു ഉൽസഹരം അവളോടു സംസാരിക്കുന്നതായി കേട്ടു. ഇതു അവളെ പാടുള്ള വേഗത്തിൽ ലോകത്തെ വെടിഞ്ഞു സന്ന്യാസത്തിൽ പ്രവേശിക്കുന്നതിനു സന്തോഷചിത്തയാക്കി. മഗ്ദലീത്ത ഫ്രാൻസെ—മാണ്ടു ജൂൺമാസം ൨൦—ാംനു- പാരേ മഠത്തിൽ പ്രവേശിച്ചു. അപ്പോൾ അവൾ ഇരുപത്തിനാലു വയസ്സിൽ നടക്കയായിരുന്നു. സഭയിൽ കൂടുന്നതിനു മുമ്പായി അവൾക്കു ഒരു വലിയ പരീക്ഷയുണ്ടായി. പുണ്യവതി തന്നെ പറയുംവണ്ണം ആത്മാവു ശരീരത്തിൽ നിന്നു വേർപെടുമെന്നു തോന്നത്തക്കവണ്ണമുള്ള ശക്തി അതിനുണ്ടായിരുന്നു. എന്നാൽ കർത്താവു് അവളുടെ ആത്മാവിനെ വരപ്രസാദത്താൽ പൂരിപ്പിക്കുന്നതിനു തിരുമനസ്സായി. ആശ്രമവാതിൽ കടന്നയുടനെ അവളുടെ ഹൃദയചാഞ്ചല്യങ്ങളും ഇളക്കങ്ങളുമെല്ലാം അവസാനിച്ചു. ഒടുവിൽ അങ്ങേ ഇഷ്ടപ്രസാദത്താൽ എല്ലായ്പോഴത്തേയുമായി അവൾ ദൈവത്തിനുള്ളവളായി.

പാരേമാം ഫ്രാൻസ—ൽ സ്ഥാപിക്കപ്പെട്ടതാണു. മഗ്ദലീത്ത അവിടെ കൂട്ടുകയിൽ ഉണ്ടായിരുന്ന ശ്രേഷ്ഠത്തിയും, നവസന്ന്യാസ ഗുരുത്തിയും അതിഭക്തരായി ശോഭിച്ചിരുന്നവർ ആയിരുന്നു. അവർ മഗ്ദലീത്തായെ ആകാശത്തിൽ നിന്നുള്ള ഒരു വലിയ സമ്മാനം എന്നപോലെ കൈക്കൊണ്ടു. കാലവിളംബമെന്യേ അവൾ മഹാ ഭക്തയെന്നു അവർ അറിഞ്ഞു അവൾക്കു അനേക വിരോധങ്ങളും സങ്കടങ്ങളും യാത്രയാക്കി. ഈ പുതുകന്ന്യാസ്ത്രീ നമസ്കാരത്തിൽ വളരെ താല്പര്യമുള്ളവളായിരുന്നതിനാൽ, തന്റെ ഗുരുത്തിയോടും നല്ലപോലെ പ്രാർത്ഥിക്കുന്നതിനുള്ള വിധത്തെ പഠിപ്പിക്കണമെന്നു യാചിച്ചു. അതിനു "ഒരു കൊത്തുപണിക്കാരന്റെ മുൻപിൽ ഒരു ഉണ്ടകല്ലു എപ്രകാരമൊ, അപ്രകാരം കർത്താവിൻപക്കൽ നിന്നെത്തന്നെ കാഴ്ചവെക്കു" എന്നു അവർ പറഞ്ഞുകൊടുത്തു. പുണ്യവതി അപ്രകാരം ചെയ്തു; മുട്ടുകുത്തിയ ഉടനെ "നിന്നിൽ എന്റെ സദ്ഗുണത്തെ വരുത്തുന്നതിനു ഞാൻ മനസ്സായിരിക്കുന്നു" എന്നു പറക പതിവായിരുന്നു.

അവളുടെ പ്രവേശനത്തിന്റെശേഷം മൂന്നാംമാസത്തിൽ പ്രാൻസ് രാജാവായ വി. ളൂയിസിന്റെ തിരുനാളിൽ സഭാവസ്ത്രം ധരിക്കയും മറിയം മഗ്ദലീത്ത എന്ന നാമത്തെ സ്വീകരിക്കയും ചെയ്തു. ന. കർത്താവു് അന്നേദിനം അവളെ തന്റെ ദൈവികദാനങ്ങളാൽ നിറക്കയും, അവളുടെ പുതുസന്ന്യാസകാലം മുഴുവനിലും താൻ അവളെ തന്റെ സന്തോഷങ്ങളാൽ പൂരിപ്പിക്കയും ചെയ്യുമെന്നു വാഗ്ദത്തവും ചെയ്തു. ഇതു അവൾക്കു ഏറ്റവും ദുസ്സഹമായി തോന്നി. "എന്റെ കർത്താവെ! ഞാൻ ഇത്ര അധികം സ്നേഹിക്കുന്ന നിന്നെപ്രതി കുറേ പാടുകളെ എങ്കിലും പെടുന്നതിനു എനിക്കു ഇടയാകയില്ലയോ?" എന്നു തന്നെത്താൻ ചിന്തിച്ചു സങ്കടപ്പെട്ടിരുന്നു. എന്നാൽ ജ്ഞാനസന്തോഷങ്ങൾക്കു ശാരീരിക സന്തോഷം ഉണ്ടായിരിക്കയില്ല എന്നുള്ള വിചാരം വന്നപ്പോൾ അവ വിട്ടുമാറുകയും ചെയ്തു. അവൾ പ്രാർത്ഥനയിൽ എത്രയും വലിയ മോക്ഷാനന്ദങ്ങൾ അനുഭവിച്ചിരുന്നു. അവളുടെ പുണ്യത്തെ പരീക്ഷിക്കുന്നതിനുവേണ്ടി അവളുടെ ഗുരുത്തി, ഭക്തികൃത്യങ്ങളുടെ, പ്രത്യേകിച്ചു നമസ്കാരത്തിന്റെസമയത്തിൽ അവളെ ആശ്രമം പെടിപ്പാക്കുന്നതിനായി അയച്ചിരുന്നു. എത്ര

യും എളിമയോടും സന്തോഷത്തോടും ഈ ജോലികളെ സ്വീകാർഹമാംവണ്ണം നിറവേറിവന്നു. എല്ലായിടത്തും അവൾ ദൈവസന്നിധാനത്തെ അനുഭവിച്ചിരുന്നു.

ആശ്രമത്തിലുള്ളവരെല്ലാവരും ഈ ചെറിയ സഹോദരിയുടെ നിഷ്കപടമായ പുണ്യത്തെക്കണ്ടു അതിശയിച്ചിരുന്നുവെങ്കിലും അവൾ ഈ സഭയ്ക്കു തക്കവളാണോ എന്നു അവർ ബലമായി സംശയിച്ചിരുന്നു. എന്തെന്നാൽ ആ സഭയുടെ സ്ഥാപകൻ അതിന്റെ അംഗങ്ങളിൽ നിന്നു ഇത്രവലിയ പുണ്യപൂർണ്ണത ആവശ്യപ്പെട്ടിരുന്നില്ല. ആയതുകൊണ്ടു അവളുടെ നിത്യപരഞ്ഞൊപ്പിന് ദിനത്തെ നീട്ടിവക്കേണ്ടി വന്നു. അപ്പോൾ അവൾ മഹാ മനഃക്ലേശത്തോടെ "ഓ കർത്താവെ! എന്നെ നീ പുറത്തയക്കുന്നതിനു പോകയാണോ" എന്നു ആവലാധിപ്പെടുകയിൽ "നിന്നെ കൈക്കൊള്ളുന്നതിനു യാതൊന്നും ഭയപ്പെടുവാനില്ലെന്നും, നിന്റെ കർത്തവ്യം ഞാൻ ഏറ്റിരിക്കുന്നുവെന്നും നിന്റെ ശ്രേഷ്ഠത്തിയോടു അറിയിക്ക" എന്നു അങ്ങനെ ഉത്തരിച്ചു. ശ്രേഷ്ഠത്തി അവളെ ഈ സഭയ്ക്കു ഉപകരിക്കുമെന്നുള്ളതിനു ഒരു അടയാളത്തെ കർത്താവിനോടു യാചിക്കണമെന്നാവശ്യപ്പെട്ടപ്പോൾ അങ്ങനെ അപ്രകാരം സമ്മതിച്ചു; എന്നാൽ അതു അങ്ങേയ്ക്കു മാത്രമെ അറിവുണ്ടാകയുള്ളു എന്നു കല്പിക്കാതിരുന്നില്ല. ഉടനെ അവളുടെ പരഞ്ഞൊപ്പുദിനത്തെ നവംബർ ൯-ാം തീയതിയായി നിശ്ചയിച്ചു.

P. T. J.

വി. ക്ലയീസുഗൊൻസാഗായുടെ ചരിത്ര സംക്ഷേപം.

കസ്റ്റിലിയോനിലെ പ്രഭുവായ ഫെർഡിനണ്ടു ഗൊൻസാഗായുടെ പ്രഥമ പുത്രനായിരുന്ന വി. ക്ലയീസു ൧൫൬൮-ാം കാലം മിനമാസം ൯-ാംന- ജാതനായി. ശിശുവായിരിക്കയിൽ ഒന്നാമതായി ഉച്ചരിച്ച മൊഴികൾ ഈശോ, മറിയം എന്നീ തിരുനാമങ്ങളായിരുന്നു. ഒമ്പതു വയസ്സു മാത്രമുണ്ടായിരുന്നപ്പോൾ കന്യാവ്രതം അനുഷ്ഠിക്കുന്നതിനു നേച്ചു നേർന്നു. ദൈവത്തിന്റെ വിശേഷ കൃപയാൽ ഈ പുണ്യവാൻ ശുദ്ധതക്കു വിരോധമായിട്ടുള്ള എല്ലാ പരീക്ഷകളിൽ നിന്നും എപ്പോഴും ഒഴിഞ്ഞിരുന്നു. ഇപ്രകാരം അത്ഭുതമായി ദിവ്യകാരുണ്യം ഉൾക്കൊണ്ടതു കാർലോസു ബൊറോമിയൊ പുണ്യവാന്റെ കരങ്ങളിൽ നിന്നായിരുന്നു. ചെറുപ്രായത്തിൽത്തന്നെ ലോകത്തെ വിട്ടുപേക്ഷിക്കുന്നതിനു തീർച്ചയാക്കി. ഏതുസഭയിൽ ചേരണമെന്നു സംശയിച്ചിരിക്കയിൽ പരിശുദ്ധ കന്യക കാണപ്പെട്ടു ഈശോസഭയിൽ ചേരണമെന്നു അറിച്ചു. ഒരു സന്ന്യാസിയാകണമെന്നുള്ള വി. ക്ലയീസിന്റെ നിശ്ചയത്തെ തന്റെ മാതാവു വളരെ സന്തോഷത്തോടെ സ്വീകരിച്ചുവെങ്കിലും നവ വർഷത്തോളം തന്റെ പിതാവു അനുവാദം കൊടുത്തില്ല. കടശി ൧൫൮൮-ൽ വൃശ്ചികം ൨൩-ാം നവസന്ന്യാസാശ്രമത്തിൽചേർന്നു. ൨ വർഷംകഴിഞ്ഞു പഠനത്തൊപ്പു ചെയ്തതിന്റെ ശേഷം പതിവുപോലെ തത്വം വേദാന്തം മുതലായ വൈദികശാസ്ത്രങ്ങൾ അഭ്യസിപ്പാൻ ആരംഭിച്ചു. വേദാന്തത്തിന്റെ അവസാനകൊല്ലം പുണ്യവാൻ പഠിച്ചിരുന്ന സ്ഥലമായ റോമാപട്ടണത്തിൽ ഒരു ഭയങ്കരമായ പനിയുണ്ടായി. തന്റെ അപേക്ഷപ്രകാരം വി. ക്ലയീസും രോഗികളെ ശുശ്രൂഷിക്കുന്നതിനായി നിയോഗിക്കപ്പെട്ടു. ഈ ആപല്കരമായ ജോലി എല്ലാവർക്കും ഒരു മാതൃകയാകുംവണ്ണം നോക്കിവരികയാൽ പുണ്യവാനും രോഗം പിടിപെട്ടു. പെട്ടന്നുള്ള മരണത്തിൽ നിന്നു രക്ഷപെട്ടുവെങ്കിലും ആ ദിനത്താൽത്തന്നെ മൂന്നുമാസം കഴിഞ്ഞു ഈശോ എന്ന തിരുനാമം ഭക്തിയോടെ ചൊല്ലിക്കൊണ്ടു തന്റെ ആത്മാവിനെ സ്രഷ്ടാവിങ്കൽ കയ്യാളിച്ചു.

ഈ പുണ്യവാനിൽ പ്രശോഭിച്ചിരുന്ന വിശേഷ പുണ്യം ശുദ്ധത കാക്കുന്നതിലുള്ള സൂക്ഷം ആയിരുന്നു. വി. ക്ലയിസു ഒരിക്കലും ചാവുദോഷത്താൽ ദൈ

വത്തെ ഉപദ്രവിച്ചിട്ടില്ലെന്നു അദ്ദേഹത്തിന്റെ കുമ്പസാരക്കാരനായിരുന്ന കർട്ടിനാൽ ബെല്ലുമ്മിൻ എന്ന ദേഹം സാക്ഷിക്കുന്നു. ഇതു ശുദ്ധനായിരുന്നുവെന്നു വരികിലും തന്റെ ശരീരത്തെ കഠിനമായി ദണ്ഡിപ്പിക്കയും, രാത്രിയിൽ എഴുന്നേറ്റു പ്രാർത്ഥിക്കയും ധാരാളം കണ്ണുനീരുകൾ ചിന്തുകയും ചെയ്തിരുന്നു. പുണ്യവാളൻ ഒരിക്കൽ പറഞ്ഞതായത്: "ഞാൻ ഒരു വളഞ്ഞ ഇരുമ്പിൻകഷണം ആകുന്നു. ആശയടക്കവും തപസ്സുമെന്ന ചുറ്റികയാൽ എന്നെ നേരെയാക്കുന്നതിനു ഞാൻ സന്ന്യാസാന്തസ്സിനെ തെരഞ്ഞെടുത്തു."

ഒരു അത്ഭുത ദർശനം.

൧൯൫൬ ഡിസംബർ ൩–൰൦൰൬– അമേരിക്കാ ഖണ്ഡത്തിൽ കൊളമ്പിയാ നാട്ടിലുള്ള കൊൺസ്സെസിയോൻ എന്ന ഗ്രാമത്തിലുണ്ടായഒരു അത്ഭുതകരമായകാഴ്ചയുടെ ദൃക്സാക്ഷികളിൽ ഒരുവനായ ദിവ്യശ്രീ ഫാദർ അരിസ്തിമുനൊ എന്ന ഈശോസഭക്കാരൻ താഴെവരുംപ്രകാരം എഴുതിയിരിക്കുന്നു.

അമലോത്ഭവമാതാവിന്റെ തിരുനാളിനൊരുക്കമായി കൊൺസ്സെസിയോൻ എന്ന ഗ്രാമത്തിലുള്ള ഒരു ദേവാലയത്തിൽ നവനാൾ കഴിച്ചുവന്നിരുന്നു. പ്രസംഗത്തിനായി വില്ലറാജ എന്നു പേരുള്ള ഒരു ജസീത്ത് പട്ടക്കാരനും അവിടെ ചെന്നിരുന്നു. പ്രസ്തുത തിരുനാളിനു മുമ്പ് സ്നാ– വെള്ളിയാഴ്ച വി. കുർബാന ഒരു അരുളിക്കയിൽ പരസ്യമായി സ്ഥാപിക്കപ്പെട്ടിരുന്നു. അന്നുച്ചകഴിഞ്ഞു ഏകദേശം അഞ്ചുമണിക്കു അരുളിക്കയിൽ വച്ചിരുന്ന തിരുഓസ്തി പെട്ടെന്നു കാണാതായി. എന്തൊരാശ്ചര്യം!! അതിനു പകരമെന്നതോന്നുമാറു ഈശോമ്ശിഹാതന്റെ തിരുഹൃദയത്തെക്കാണിച്ചുകൊണ്ടു മുഖപ്രസാദത്തോടും ക്രൂശി പ്രത്യക്ഷനായി. ഈ അത്ഭുതം ആദ്യം കണ്ടതു ഫാദർ സാഞ്ചസായിരുന്നു. താൻ കണ്ട കാഴ്ച ഒരുപക്ഷെ വല്ല തോന്നലൊ മറ്റൊ ആയിരിക്കുമൊവെന്നു അദ്ദേഹം സംശയിച്ചു മറ്റവരും അപ്രകാരം കണ്ടുവൊ എന്നറിവാനുള്ള ആശയോടെ സമീപെഉണ്ടായിരുന്ന ഒരു പ്രാൻസിസ്കൻ വൈദികനോടു ചോദിക്കയുണ്ടായി. അപ്രകാരംതന്നെ താനും അവിടെ കൂടിയിരുന്ന മറ്റു സകലരും കണ്ടുവെന്നു മറുപടിപറഞ്ഞു. ഈ സംഗതി താമസംവിനാ ഗ്രാമം മുഴുവനിലും പരന്നുകഴിഞ്ഞു. ആയിരത്തിൽപരം ജനങ്ങൾക്കു തങ്ങളുടെ കണ്ണുകൊണ്ടുതന്നെ ഈ ആശ്ചര്യജനകമായ കാഴ്ച ദർശിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചു. അപ്പോൾ ആ ജനങ്ങളുടെ ഹൃദയത്തിൽ അങ്കുരിച്ച ദൈവഭക്തിയും പ്രതീക്ഷാസമേതം അവർ ചെയ്തിരുന്ന പ്രാർത്ഥനാവിധവുംകണ്ടാൽ, അവ കഠിനപാപികളുടെ ഹൃദയങ്ങളെക്കൂടെയും ഇളക്കത്തക്കവയായിരുന്നു. ആ പള്ളിയിൽ വന്നിരുന്ന സകലരും ഈ വലിയ അത്ഭുതംകണ്ടാശ്ചര്യപരവശരായി ദയാപരസമ്പൂർണ്ണരായ ഉപകാരസ്മരണ ചെയ്തു. വേദകാഴ്ചകളിൽ അജാഗ്രതരായിരുന്നവർ പ്രസ്തുത കാഴ്ചകണ്ടയുടനെ തങ്ങളുടെ പൂർവ്വനടപടികളെ പരിത്യജിച്ചു മാനസാന്തരപ്പെടുകയുണ്ടായി. ഈ അനിതരസാധാരണ ദർശനം രണ്ടു മണിക്കൂർനേരത്തേക്കു നീണ്ടിച്ചതിനാൽ ആ നഗരവാസികളേവർക്കും വന്നുകാണുന്നതിനിടയായി. ഈ അത്ഭുതം ആദ്യം ദർശിച്ചവർ, ഈശോയുടെ തിരുമുഖം ആദ്യം കാണപ്പെട്ടെന്നും, ആ മനോഹര തിരുമുഖനെറ്റിയിൽ രണ്ടുള്ളി രക്തം ഉണ്ടായിരുന്നുവെന്നും, അനന്തരം ആ തിരുമുഖരൂപം മാറി പകരം ഈശോയുടെ തിരുഹൃദയം പ്രത്യക്ഷപ്പെട്ടുവെന്നും പറയുന്നു. തിരുശ്ശരീരത്തിൻ ഉപരിഭാഗം മാത്രമെ കാണപ്പെട്ടിരുന്നൊള്ളു. പ്രസ്തുത ദേവാലയത്തിലുണ്ടായിരുന്ന തിരുഹൃദയസ്വരൂപത്തിനും പ്രത്യക്ഷീഭവിച്ച രൂപത്തിനും തമ്മിൽ അനല്പമായ അന്തരവ്യത്യം ഉണ്ടായിരുന്നു എന്നുവരികിലും കാണപ്പെട്ട പ്രതിമ മറ്റേതിനേക്കാൾ വളരെ മനോഹരമായിരുന്നു. അവിടെയുണ്ടായിരുന്ന സകലരും ഇതുകണ്ടതും

യും അവരുടെ ഹൃദയം സ്നേഹത്താൽ ലയിച്ചതായും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അവർ ഈ അത്ഭുതം കണ്ടിരുന്ന സമയം ഈശോയുടെ തിരുഹൃദയ ഛായയല്ലാതെ തിരുഓസ്തി ഒരുവനും കണ്ടിരുന്നില്ല. ജനങ്ങൾ ആശ്ചര്യകരമായ ഈ സംഭവം കാണണമെന്നുള്ള അതിയായ ആശംസയോടെ പിറത്തിൻപക്കലേക്ക് ഓടിക്കൂടി വരുന്നതുകണ്ട അരുളിക്കാ ഫാദർ സാഞ്ചെസ് മറച്ചുവക്കയുണ്ടായി. അല്പം കഴിഞ്ഞപ്പോൾ തുറന്നുനോക്കിയാറെ തിരുഹൃദയം പ്രത്യക്ഷപ്പെട്ടതന്നെ ഇരുന്നിരുന്നു. അനന്തരം അല്പാല്പമായി തിരുസപ്രൂപം മാനുഷദൃഷ്ടിക്ക് അഗോചരമായിത്തീരുകയും വീണ്ടും തിരു ഓസ്തിതന്നെ കാണപ്പെടുകയും ചെയ്തു. അനേകംപേർ ഈ അതിശയം കണ്ടുവെന്നു പ്രസ്താവിച്ചിരിക്കുന്നതെന്നിയെ, ഇരുനൂറുപേർ തങ്ങളുടെ കൈയൊപ്പോട്ടുകൂടി സാക്ഷീകരിച്ചിട്ടുമുണ്ട്. ആദ്യ വെള്ളിയാഴ്ച റവ. ഫാദർ വില്ലറാഗാ വി. കുർബാനയിൽ ഈശോ മ്ശിഹാ സത്യമായി എഴുന്നരുളിയിരിക്കുന്നുവെന്ന സത്യത്തെപ്പററി പ്രസംഗം ചെയ്തിരുന്നപ്പോളത്രെ പ്രസ്തുത സംഭവം നടന്നതു്. കണ്ണുകൊണ്ട് കാണുകയും കൈകൊണ്ട് സ്പർശിക്കയും ചെയ്താൽമാത്രം വിശ്വസിക്കും എന്നു പറയുന്ന നാസ്തികർ ഇക്കാലത്തിലും ഒട്ടും ചില്ലറയല്ല. പരിശുദ്ധ പരമദിവ്യകാരുണ്യത്തിൽ ഈശോ മ്ശിഹായുടെ തിരുശരീരവും തിരുരക്തവുമില്ല. അതു വെറും അപ്പംമാത്രമാണെന്നു തെററായി പഠിപ്പിക്കുന്ന പതിതരും അനേകരുണ്ട്. ഇവരുടെ അബദ്ധ പഠനങ്ങളെ ഉൻമൂലനം ചെയ്തു, താൻ ദിവ്യനൽക്കരുണയിൽ സത്യമായി എഴുന്നരുളിയിരിക്കുന്നുവെന്ന വിശ്വാസത്തെ നിലനിറുത്തി, വിശ്വാസികളുടെ ഭക്തി തിണ്ണതയെ വർദ്ധിപ്പിക്കുവാനും തന്റെ തിരുഹൃദയഭക്തി പൂർവ്വാധികം പ്രചരിപ്പിക്കുവാനും വേണ്ടിയാണ് ഈശോ മ്ശിഹാ തിരുഹൃദയ ഭാഷയിൽ പ്രത്യക്ഷപ്പെട്ടതു്. ക്രൂശതെ ദിവ്യരക്ഷിതാവിനെ സാക്ഷാൽ നമ്മുടെ കണ്ണുകൊണ്ട് കണ്ടാൽ എപ്രകാരമുള്ള ഭക്തിയോടും ഉയിരുള്ള വിശ്വാസത്തോടുംകൂടി തന്നെ നാം സന്ദർശിക്കയും ഉൾക്കൊള്ളുകയും ചെയ്യുമൊ അപ്രകാരമുള്ള ഭക്തിവിശ്വാസത്തോടുകൂടെ എല്ലായ്പോഴും വി. കുർബാനയെ വിസീത്ത കഴിക്കയും കൈക്കൊള്ളുകയും ചെയ്യുന്നതിനു നാം ജാഗ്രതകമാരായിരിക്കണമെന്നും പ്രസ്തുത സംഭവം നമ്മെ തെയ്പ്പെടുത്തുന്നു.

.൩൦൮ .2

ദൈവത്തിനെഴുതിയ ഒരു കത്തു്.

ഏതാനും വർഷങ്ങൾക്കു മുമ്പു് പാരീസ് പട്ടണത്തിലുള്ള ഒരു പാവപ്പെട്ട കുടുംബത്തിലെ ഭാഗ്യഭർത്താക്കന്മാർ ഇരുവരും ഒരേസമയം തന്നെ ദിനം പിടിപെട്ടു കിടപ്പിലായതിനാൽ അവരുടെ കുട്ടികൾക്കു ഭക്ഷണത്തിനു ഒരുവകയും ഇല്ലാതായിത്തീർന്നു. തന്നിമിത്തം ആ കുടുംബത്തിന്റെയും പ്രത്യേകം ആ കുഞ്ഞുങ്ങളുടേയും സ്ഥിതി എത്ര ശോചനീയമായ ഒന്നായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ഈ കുട്ടികളുടെ കൂട്ടത്തിൽ ഏഴോ എട്ടോ വയസ്സു പ്രായമുള്ള ഒരു പെൺപൈതലുണ്ടായിരുന്നു. അവൾ ഒരു കന്യകാമഠത്തിൽ ദിവസേന പോയി പഠിച്ചുവന്നിരുന്നു. എന്നാൽ കാരണവന്മാരുടെ ദിനം മുഖാന്തരം, അവളുടെ പള്ളിക്കൂടത്തിൽപോക്കും മുടങ്ങി. ഇവൾ ഒരു ദിവസം ദുഃഖിച്ചിരിക്കയിൽ വേദോപദേശം പഠിപ്പിച്ചിരുന്ന ഒരു കന്യാസ്ത്രീ പറഞ്ഞുകൊട്ടത്ത ഒരു ഉണർത്തോഷം ഓർമ്മയിൽ വന്നു. അതിൻപ്രകാരം ഈ പരമാർത്ഥിയായ കുട്ടി തങ്ങളുടെ നിർഭാഗ്യത്തെപ്പററി സ്വർഗ്ഗത്തിലിരിക്കുന്ന നല്ല പിതാവായ ദൈവത്തിനു ഒരെഴുത്തു എഴുതണമെന്നു വിചാരിച്ചു. ഉടനെതന്നെ എഴുത്തും കഴിച്ചു. അതിൽ ദൈവത്തോടു ചോദിച്ചിരുന്നതു്, മാതാപിതാക്കന്മാർക്കു സൌഖ്യത്തേയും, അവൾക്കും അവളുടെ കുഞ്ഞാങ്ങളമാർക്കും അപ്പത്തേയും തരണമെന്നായിരുന്നു. ഉടനെ ആ എഴുത്തും പിടിച്ചുകൊണ്ടു സ

മീപെയുള്ള റൊക്കിപ്പുണ്യവാന്റെ പള്ളിയിലേക്ക ഓടിച്ചെന്നു. അവിടെ പാവപ്പെട്ടവക്കായി ധർമ്മം ഇട്ടുന്നതിനായി ഒരു പെട്ടി വെച്ചിട്ടുണ്ടായിരുന്നു. അതായിരിക്കും ദൈവത്തിനായുള്ള എഴുത്തുകൾ ഇട്ടുന്ന പെട്ടി എന്നുവച്ച്, അതിന്റെ അടുക്കൽ ചെന്നു നില്ക്കുയായി. അപ്പൊഴേക്കും വിശുദ്ധ കുർബാനയുടെ വിസീത്ത കഴിപ്പാനായി ഒരു മാടമ്പിസ്തീ പള്ളിയിൽ പ്രവേശിച്ചു. അവർ ഈ കുട്ടിയോട കാര്യം എല്ലാം ചോദിച്ചറിഞ്ഞതിനുശേഷം അവളെ വളരെ ദയവോടെ ആശ്വസിപ്പിക്കയും, എഴുത്തു അവളുടെ പക്കൽനിന്നും വാങ്ങിച്ച്, അതു താൻതന്നെ മേൽവിലാസക്കാരനു എത്തിച്ചുകൊടുത്തുകൊള്ളാമെന്നു പറഞ്ഞൊക്കുകയും ചെയ്തു. അതിന്റെ ശേഷം "ഇങ്ങോട്ട മുപടി അയക്കുന്നതിന്ന് നിന്റെ മേൽവിലാസം എഴുത്തിൽ കാണിച്ചിട്ടുണ്ടോ" എന്നു മദാമ്മ ചോദിച്ചതിന്ന്, നമ്മുടെ നല്ല ദൈവത്തിനു സകലതും അറിയാമെന്നാണ് മഠത്തിലെ അമ്മമാർ എന്നെ പഠിപ്പിച്ചിരിക്കുന്നത് എന്നു കുട്ടി ഉത്തരിച്ചു. അതു ശരി; എങ്കിലും നിനക്കു മുപ്പടി അയക്കുന്നതിനു ദൈവം വല്ല മനുഷ്യരേയുമാണു കല്പിച്ചു നിയോഗിക്കുന്നതെങ്കിൽ, ആയാളിനു നിന്റെ മേൽവിലാസം അറിയാനാവശ്യമുണ്ടായിരിക്കുമല്ലൊ? എന്നു ആ മദാമ്മ പറഞ്ഞപ്പോൾ, ആ കുട്ടി തന്റെ വീട്ടിന്റെ നമ്പരും തെരുവും എല്ലാം പറഞ്ഞുകൊടുത്തുംവച്ചു ആനന്ദഭരിതയായി വിട്ടിലേക്കു പിന്തിരിഞ്ഞു.

പിറേറന്നാൾ കാലത്തു പടിവാതുക്കൽ വലിയ ഒരു പെട്ടിയും അതിന്മേൽ ഒരു എഴുത്തും ഇരിക്കുന്നതുകണ്ടു അതിശയിച്ചു. എഴുത്തിൽ "നല്ല ദൈവത്തിന്റെ മുപടി" എന്നായിരുന്നു എഴുതിയിരുന്നതു്. പെട്ടി തുറന്നുനോക്കിയപ്പോൾ ആ കുടുംബത്തിനു അനേക നാളുത്തേ സംരക്ഷണത്തിനു ആവശ്യമുള്ള അപ്പം, അരിമാവു്, ഉടുപ്പു്, ഒരു ശാളിപ്പണം ഇതൊക്കെയും ഉണ്ടായിരുന്നതായി കണ്ടു. അപ്പോൾ അവക്കുണ്ടായ ആശ്ചര്യവും സപ്രയത്തിലെ നല്ല ദൈവത്തിന്റെ നേക്കുള്ള നന്ദിയും സ്നേഹവും എത്രമാത്രമായിരുന്നു? കുറെ മണിക്കൂറുകളുടെ ശേഷം ഒരു സുശീലനായ ഡാക്ടർ വന്നു ദീനക്കാരെ പരിശോധിക്കയും അവക്കു തക്ക ഔഷധങ്ങൾ കൊടുക്കയും ചെയ്തു. ഇതൊക്കെയും ആ നല്ല വിശ്വാസമുള്ള കുട്ടിയുടെ എഴുത്തിന്റെ ഫലമാണെന്നെല്ലാക്കും ബോധ്യമാകയുംചെയ്തു.

ദൈവ വിളി.

ഏതെങ്കിലും അന്തസ്സിനെ സ്വീകരിക്കുന്നതിന്ന് ഒരു ദൈവവിളി ആവശ്യമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, മേൽപ്രകാരമുള്ള ഒരു ദൈവികക്ഷണം കൂടാതെ നമ്മുടെ ജീവാന്തസ്സിലെ ചുമതലകളെ നിറവേറുകയും രക്ഷ പ്രാപിക്കയും ചെയ്യുക എന്നുള്ളതു അസാദ്ധ്യമല്ലെങ്കിലും അനിഷ്ടാപ്യമായ ബുദ്ധിമുട്ടുകളും ഉപദ്രവങ്ങളും അടങ്ങിയിരിക്കുന്ന ഒരു പ്രവൃത്തിയാണ്. എന്നാൽ എല്ലാ അന്തസ്സിലേക്കും ഒരു ദൈവവിളി ആവശ്യമാണെങ്കിൽ വൈദികാന്തസ്സിലേക്കു പ്രത്യേകമായ വിധത്തിൽ ഒരു ദൈവികക്ഷണം കൂടിയെതീരു. (Qui non intrat per ostium in ovile ovium, sed ascendit aliunde, ille fur est et latro.) ആടിൻ കൂട്ടത്തിന്റെ ശരിയായ വാതലിനെ വിട്ടു ഒളിച്ച വാതില്കൂടി പ്രവേശിക്കുന്നവൻ മോഷ്ടാവും ഘാതകനും ആകുന്നു. (John, x. 1. 2.) അതുകൊണ്ടു ദൈവത്തിൽനിന്ന് ഒരു വിളിപ്പുകൂടാതെ വിശുദ്ധ ഉദ്യോഗങ്ങളെ സ്വീകരിക്കുന്നവൻ ദൈവം അവനിൽ പ്രദാനം ചെയ്വാൻ നിശ്ചയിക്കാത്ത ഒരു സ്ഥാനത്തെ കയ്യേല്ക്കുന്നതിനാൽ മോഷണക്കുറ്റത്തിൽ ഉൾപ്പെടുന്നു. "ദൈവത്താൽ ക്ഷണിക്കപ്പെടാതെ ഒരന്തസ്സിനെ സ്വീകരിക്കുന്നവൻ അതിഭയങ്കരനാകുന്നു" എന്ന് വിശുദ്ധ സിറിൽ അലക്സാന്ത്യാ എന്ന ദേഹവും വിശുദ്ധ യോഹന്നാൻ X. 10. ലും എഴുതിയിരിക്കുന്നു. മുൻ ഒരവസര

ത്തിൽ വിശുദ്ധ പൌലോസും "ആരോൻ എന്ന ഗുരുപട്ടക്കാരനെപ്പോലെ ദൈവത്താൽ വിളിക്കപ്പെട്ടവർ മാത്രമെ ബഹുമാനത്തെ സ്വീകരിക്കാവൂ; മിശിഹാ ദൈവമായിരുന്നാറെയും പട്ടക്കാരന്റെ ഗുണതലകൾ ചെയ്യുന്നതിന്ന ദൈവത്തിരുമനസ്സു ആവശ്യപ്പെട്ടിരുന്നു" എന്നു എഴുതിയിരിക്കുന്നു. (Heb. V. 4. 5.) അതുകൊണ്ടു സീമാതീതമായ പഠിപ്പും സാമർത്ഥ്യവും പുണ്യവും ഉള്ളവനായ ഒരാൾക്കുപോലും അയാൾ ആദ്യമായി ദൈവത്താൽ വിളിക്കപ്പെടുകയും വിശുദ്ധതയിലേക്കു പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുകിലല്ലാതെ വിശുദ്ധാന്തസ്സിനെ സ്വീകരിക്കാൻ ഒരിക്കലും പാടുള്ളതല്ല. സകല മനുഷ്യരിലും വച്ച് ഏറ്റവും പഠിപ്പുള്ളവനും പരിശുദ്ധനും (Plenus gratiae et veritatis, in quo sunt omnes thesauri Sapientiae et Scientiae absconditae.) ദൈവേഷ്ടപ്രസാദം സത്യം ഇവയിൽ പരിപൂർണ്ണനും ആയ ഈശോമിശിഹായിൽ ആകുന്ന മറയപ്പെട്ടിരിക്കുന്ന സകല ബോധത്തിന്റേയും അറിയപ്പെടാത്ത സകല ജ്ഞാനത്തിന്റെയും വാസം. (Colo. 11. 3.)

ഇപ്രകാരമുള്ള ദൈവിക മാഹാത്മ്യങ്ങളുടെ നേതാവായ ഈശോമിശിഹാപോലും വൈദികാന്തസ്സിനെ സ്വീകരിക്കുന്നതിന്ന് ഒരു ദൈവവിളി ആവശ്യപ്പെട്ടു എന്നു വിശുദ്ധ ലിഗോറി പുണ്യവാളൻ പറയുന്നു. ദൈവത്താൽ തന്നെ ക്ഷണിക്കപ്പെട്ടവരായ പുണ്യവാന്മാർ ക്രൂടെയും വിശുദ്ധ ഉദ്യോഗങ്ങളെ സ്വീകരിക്കുന്നതിൽ ഭയാകുലന്മാരായിരുന്നു. വിശുദ്ധ ആഗുസ്തീനോസ് ഗുരുപട്ടസ്വീകരണത്തിന്ന തന്റെ മേലദ്ധ്യക്ഷനാൽ ആജ്ഞാപിക്കപ്പെട്ടപ്പോൾ, ആ ആജ്ഞയെ തന്റെ പാപങ്ങളുടെ പരിഹാരമായിട്ട്, വിനയംമൂലം, അദ്ദേഹം കരുതിയിരുന്നു. "Vis mihi facta est merito Peccatorum Meorum" "എന്റെ പാപങ്ങളുടെ പരിഹാരമായി എനിക്കിതു സംഭവിക്കാൻ അങ്ങിന്ന തിരുമനസ്സായി." (Ep. 21. alias 148)

വിശുദ്ധ എഫ്രേം എന്ന ദേഹം ഗുരുപട്ടാന്തസ്സിൽ നിന്നു ഒഴിയുന്നതിനു ഭ്രാന്തിനേയും, വിശുദ്ധ അംബ്രോസ് സ് ക്രൂരസ്വഭാവത്തെയും അവലംബിച്ചു. മഹർഷിയായ വിശുദ്ധ അമ്മോനിയൂസ് തന്റെ ചെവികളെ മുറിക്കയും തന്നെ വൈദികാന്തസ്സിലേക്കു നിർബന്ധിക്കുന്നവർ വീണ്ടും ഉപദ്രവത്തെ തുടരുന്നതായാൽ നാവിനെ പിഴുതുകളയുമെന്നു ഭയപ്പെടുത്തുകയും ചെയ്തു. വൈദികാന്തസ്സിനെ അതിഭാരമുള്ള ഒരു ഗുമടായി പുണ്യവാന്മാർ കരുതിയിരുന്നു. ആകയാൽ, വിശുദ്ധ സിപ്രിയന്റെ ചോദിക്കുന്നതുപോലെ, ദൈവത്തിരുമനസ്സിന്റെ സമ്മതംകൂടാതെ വൈദികാന്തസ്സിനെ സ്വീകരിക്കാൻ ശ്രമിക്കുന്നതു് ശോചനീയമായ ഒരു സാഹസപ്രവൃത്തിയല്ലെ? "ദൈവവിളിപ്പുകൂടാതെ വൈദികാന്തസ്സിനെ സ്വീകരിക്കാമെന്നു വിചാരിക്കുന്നതു്, നശിച്ചതും ദൈവദോഷാപ്രതവും ആയ മനസ്സിന്റെ പ്രവൃത്തിയാകുന്നു." Ep. 55. ad. Corsel.

(തുടരും)

M. J.



തിരുഹൃദയ ഭക്തന്മാർ

൧൯൩൯ കർക്കടകമാസത്തിൽ വെക്കേണ്ട

പൊതുക്കരുതൽ.

"പോർട്ടുഗൽ."

പോർട്ടുഗളിൽ തിരുസ്സഭയുടെ സ്ഥിതി ഇന്നിയും പരിതാപകരമായി തന്നെ

യാണ് ഇരിക്കുന്നത്. തിരുസ്സഭയുടെ ഉൽകർഷത്തിനു ആവശ്യകങ്ങളും ഉപയുക്തങ്ങളുമായ എല്ലാവറേയും അവിടെ നിന്നു ഉൻമൂലനം ചെയ്വാനാണ് രാജ്യാധികൃതന്മാരുടെ അക്ഷീണമായ പരിശ്രമം. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഓരോരോ ചട്ടങ്ങൾ അവരുടെ ദുരുദ്ദേശത്തെ സാധിപ്പും വരുന്നുണ്ട്. സന്യാസസഭകൾക്കു അവിടെ സ്ഥലമില്ല. അവയുടേയും ദേവാലയങ്ങൾ ആദിയായ മറ്റു ഭക്തസ്ഥാപനങ്ങളുടേയും സ്വത്തുക്കളെല്ലാം ഗവർമ്മേണ്ടിലേക്കു കണ്ടുകെട്ടിയെടുത്തിരിക്കുന്നു. വേദപഠനം പ്രാഥമികസ്കൂളുകളിൽനടത്തുന്ന കാര്യംവളരെ ശോചനീയമായിരിക്കുന്നു. ഇങ്ങനെയൊരോന്നു എടുത്തുപറകയെന്നു വച്ചാൽ അവസാനമുണ്ടാകയില്ല. യഥാർത്ഥത്തിൽ 'ഏറ്റവും വിശ്വാസമുള്ളവൾ' എന്നപേരിനു അർഹതയുണ്ടായിരുന്നതും, ആ നാമത്താൽ തന്നെത്തന്നെ പ്രശംസാപൂർവ്വം വിളിച്ചിരുന്നതുമായ പോർത്തുഗാൽരാജ്യം ഇങ്ങനെ അധഃപതിച്ചതിനേപ്പറ്റി വിലാപിക്കാതിരിപ്പാൻ നിവൃത്തിയില്ല. എങ്കിലും സർവ്വശക്തനായ ദൈവം ഈ കഷ്ടദശയിൽനിന്നു പോർട്ടുഗളിനെ വിമോചിക്കുമെന്നു തന്നെ നമുക്കു ആശിക്കാം. ഇതിനായിട്ടു തിരുഹൃദയഭക്തന്മാർ പ്രത്യേകിച്ചു ഈ മാസത്തിൽ പ്രാർത്ഥിക്കേണമെന്നാണ് നമ്മുടെ പരിശുദ്ധപിതാവായ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ആഗ്രഹിക്കുന്നത്.

ലോകവർത്തമാനച്ചുരുക്കം

കൊൺസ്റ്റൻറീനിയൻ ജൂബിലിയാഘോഷം പ്രമാണിച്ചു കിഴക്കൻറീത്തുകാരും പൊന്തിഫിക്കൽ പൂജാമുതലായകർമ്മങ്ങൾ റോമിൽ നടത്തുന്നുണ്ട്. ഇക്കഴിഞ്ഞ ഫെബ്രു- അന്ത്യോക്യാ സുറിയാനി പാത്രിയർക്കീസു അവിടത്തെ വിശുദ്ധ കുരിശിൻെറ ദേവാലയത്തിൽ കർമ്മങ്ങൾ നടത്തിയിരിക്കുന്നു.

ഇക്കഴിഞ്ഞ ജൂൺ ൧൯--ാംനു-യാണ് ക്രിസ്തീയാരാധനക്കു സ്വാതന്ത്ര്യം കൊടുക്കുന്ന കൊൺസ്റ്റൻറീനിയൻ ചക്രവർത്തിയുടെ തിരുവെഴുത്തു വിളംബരം പൂർവ്വ റോമാ സാമ്രാജ്യത്തു പ്രസിദ്ധീകരിച്ചിട്ടു ൧൬-ാം ശതകം പൂർത്തിയായതു്. പശ്ചിമ സാമ്രാജ്യത്തു വിളംബരം പ്രസിദ്ധപ്പെടുത്തിയതു മാർച്ച് ൧൯-ാംനു-യായിരുന്നു.

ഇക്കഴിഞ്ഞയാണ്ടു വിശ്വാസപ്രചാരസംഘത്തിലേക്കു പിരിഞ്ഞുകിട്ടിയ ധർമ്മസഹായധനം ൧൬൫൦൨൫-ൽ ചിലവാനം ഡോളർ ആണെന്നു കാണുന്നു. (ഒരു ഡോളർ മൂന്നിൽച്ചിലവാനം രൂപയാണ്.) ഇതു കഴിഞ്ഞയാണ്ടുകളെയപേക്ഷിച്ചു വളരെ കുറഞ്ഞിരിക്കുന്നു. ധർമ്മസഹായം ചെയ്ത രാജ്യങ്ങളെ തമ്മിൽ താരതമ്യപ്പെടുത്തുന്ന പക്ഷം പതിവുപോലെ കഴിഞ്ഞയാണ്ടും ഫ്രാൻസു തന്നെ പ്രഥമസ്ഥാനത്തു നിലനിന്നതായി കാണാം. അവിടെനിന്നു പിരിഞ്ഞ സംഖ്യ ൩൨൫൨൨൭൨൦ ഡോളറോളമാണ്. രണ്ടാംസ്ഥാനത്തു നിലനിന്ന അമേരിക്കായിലെ ഐക്യനാടുകളിൽ നിന്നു ൯൨൨൭൫൨൨ ഡോളറോളം പിരിഞ്ഞിട്ടുണ്ട്. പിന്നത്തെ മുറ ജെർമ്മനി, ബെൽജിയം, അർജൈൻറൻ, ഇറ്റലി, അയർലണ്ടു, സ്പെയിൻ, മെക്സിക്കോ, സ്വിറ്റ്സർലണ്ടു, ഇംഗ്ലണ്ടു്, ചിലി എന്നിങ്ങനെയാണ്.

ഇതിനിടെ ജർമ്മൻ ചക്രവർത്തി രാജ്യഭരണം ഏറ്റതിൻെറ രജതജൂബിലി വളരെ കേമമായി ആഘോഷിക്കപ്പെട്ടിരിക്കുന്നു. തൽസ്മാരകമായി മിഷ്യൻകളിലെ ആവശ്യത്തിലേക്കു ഒരു വലിയ തുക സഹായധനം മാറ്റിവച്ചിട്ടുണ്ട്. ഇതിൻെറ ഒരു ഭാഗം കത്തോലിക്കമിസ്സങ്ങൾക്കും കിട്ടുന്നതാണെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ബങ്കാളത്തു ഇതിനിടെ ഈസ്റ്റിൻഡ്യൻ റെയിൽവെയിൽ ഓടിയിരുന്ന ഒരു തീവണ്ടിക്കൂട്ടം ആറ്റിൽ വീണു പോയതായും വലിയ അത്യനർത്ഥം സംഭവിച്ചതായും കാണുന്നു.

സന്യാസസഭകളുടെ കാര്യങ്ങൾ ആലോചിക്കുന്നതിനായുള്ള തിരുസ്സംഘത്തിൻെറ അദ്ധ്യക്ഷനായി കാർഡിനൽ വീവെസിനു തീരെ സുഖമില്ലെന്നു കാണുന്നു. ഇദ്ദേഹം യഥാർത്ഥത്തിൽ തിരുസ്സഭയിലെ പ്രമുഖന്മാരുടെയിടയിൽ ഗണനീയമായ ഒരു നിലയെ അർഹിക്കുന്ന ഒരു മഹാനാണ്. കാർഡിനൽ അവർകൾ ഇപ്പോൾ റോമിനടുത്തുള്ള ഒരു

ആശ്രമത്തിൽപോയി താമസിച്ചു ചികിത്സ ചെയ്തിക്കയാണ്. തിരുസ്സഭയുടെ ഗുണത്തിനായി അദ്ദേഹത്തെ ദൈവം ഇനിയും ചിരകാലം ജീവിപ്പിക്കുമെന്നു നമുക്കു ആശിക്കാം.

വൈക്കത്തു താമസിച്ചു ചികിത്സ നടത്തിയിരുന്ന ഭന്തവൈദ്യൻ മിസ്റ്റർ ബ്ലക്കിംഗ്ഹാം സ്റ്റഫിഫൻസ് എങ്ങനെയൊ വെടികൊണ്ടു മൃത്യു പെട്ടപോയിരിക്കുന്നു. അദ്ദേഹത്തിന്റെ മരണത്തിനു ഹേതുഭൂതന്മാരായി സംശയിക്കപ്പെട്ട അദ്ദേഹത്തിന്റെ ഭാര്യയേയും മിസ്റ്റർ സ്മിന്നിയെന്ന ആളേയും അറസ്റ്റു ചെയ്തു വൈക്കത്തു ജയിലിലടച്ചിരിക്കുന്നതായറിയുന്നു. ഈ സംബന്ധമായി വളരെ ഉൽഗ്രഥിതത്തിൽ നടക്കുന്ന നടപടികളുടെ പര്യവസാനമെന്നായിരിക്കുമെന്നു കണ്ടതന്നെ അറിയേണ്ടിയിരിക്കുന്നു.

കൊറുമ്പു മദാസ് തെൻഇൻഡ്യാറയിൽവേ വേലക്കാരുണ്ടാക്കിയ പണി മുടക്കു ബഹളം ഇപ്പോൾ അവസാനിച്ചിരിക്കുന്നു. വേലക്കാർ നല്ല പാഠം പഠിച്ചുവെന്നു തന്നെ ചുരുക്കിപ്പറയാം. അഷ്ടിക്കു കിട്ടാൻ നിവൃത്തിയൊന്നും കാണാതെ വലഞ്ഞു കമ്പനിയധികൃതന്മാരുടെ കാൽക്കൽതന്നെ അവർ വീഴേണ്ടിവന്നു. അവരിൽ പലരേയും ഇനിയും ജോലിയിൽ പ്രവേശിപ്പിക്കാതെ തന്നെയിരിക്കുന്നുവെന്നാണു കാണുന്നതു്.

തുർക്കിയും ബാൾക്കാൻകാരുമായുള്ള യുദ്ധം സന്ധിയിൽ കലാശിച്ചതിനോടു കൂടി ഈ ഒടുവിൽപറഞ്ഞ കൂട്ടർ തമ്മിൽ വൈരം മൂത്തുതുടങ്ങിയിരിക്കയാണ്. യുദ്ധംചെയ്തുകിട്ടിയ രാജ്യങ്ങൾ എങ്ങനെ ഭാഗിച്ചെടുക്കണമെന്നുള്ളതിനെപ്പറ്റിയാണു വാദം. സമാധാനത്തിൽ തന്നെ കായ്യം കലാശിപ്പിക്കുന്നതിനു മഹാശക്തികൾ, പ്രത്യേകിച്ച് ഇംഗ്ലണ്ടും റഷ്യയും, കഴിയുന്നതു ശ്രമിക്കുന്നുണ്ട്.

മാപ്പാപ്പാ തിരുമനസ്സിലെ ശീലായ്മ പൂണ്ണമായി നീങ്ങി, അവിടുന്നു മുറയ്ക്കുകാരം സന്ദർശനങ്ങൾ സ്വീകരിച്ചു വരുന്നു. കൊൺസ്റ്റൻറിനീയൻ ജൂബിലി പ്രമാണിച്ചു റോമിൽ വന്നുകൊണ്ടിരിക്കുന്ന തീർത്ഥയാത്രക്കാർ അസംഖ്യമാണ്. ആഴ്ചയിൽ ഒരിക്കലെങ്കിലും ഇങ്ങനെ വരുന്നവരെ മാപ്പാപ്പാ ആശീർവ്വദിച്ചയക്കുന്നുണ്ട്. ദീനം സുഖമായെങ്കിലും ഇനിയും അധികം ബുദ്ധിമുട്ടരുതെന്നാണു ഡോക്ടർമാർപറയുന്നതു്. മാപ്പാപ്പാതിരുമനസ്സുകൊണ്ടു ചിരകാലം പത്രോസിന്റെ സിംഹാസനത്തിൽ വാഴാൻ സർവ്വേശ്വരൻ കടാക്ഷിക്കട്ടെ.

പ്രഞ്ച് പ്രസിഡണ്ടു മോൺസിയർ പൊൻകാർ ഇന്നയിടെ ഇംഗ്ലണ്ടു സന്ദർശിച്ചു മടങ്ങിയിരിക്കുന്നു. ജോർജ്ജു മഹാരാജാവും ബ്രിട്ടീഷ് ജനവും പ്രസിഡണ്ടിനു ചെയ്ത സൽക്കാരം ബഹു കേമമായിരുന്നു. ഈ സന്ദർശനം ഇംഗ്ലണ്ടും പ്രാൻസും മൈത്രിയിൽ തന്നെ നിൽക്കുവാൻ വളരെ സഹായിക്കുന്നതാണെന്നുള്ളതിനു സന്ദേഹമില്ല.

സ്ഥലത്തെ ഫൈസ്കൂളിൽനിന്നു സ്കൂൾ ഫൈനൽ പരീക്ഷയിൽചേന്ന ഫസ്റ്റു കൂട്ടികളിൽ വു പേർ സക്കാർജോലിയിൽ പ്രവേശിക്കാൻ അർഹതയുള്ളവരാകത്തക്കവണ്ണംവിജയികളായിരിക്കുന്നു. ഇവരെക്കൂടാതെ ഫസ്റ്റുക്ലാസ്സോടെ പഠിച്ചുപോകാൻ പ്രാപ്തിയുണ്ടാകത്തക്കവണ്ണം മാർക്കുകൾ സിദ്ധിച്ചിട്ടുമുണ്ട്.

ജർമ്മൻകത്തോലിക്കസംഘത്തിന്റെ ഇപ്പോഴുണ്ടായ സമ്മേളനം ആഗസ്റ്റു ൧൫-ാംതീയതി മുതൽ ൨൧-ാംതീയതി വരെ മെറ്റ്സിൽ വച്ചുനടക്കുന്നതാണ്. പ്രസംഗങ്ങൾ മുതലായവ നടക്കുന്നതു പ്രഞ്ച്, ജർമ്മൻ എന്നീ ഭാഷകളിലായിരിക്കും. സംഘനടപടികളെ ഈ ഭാഷകളിൽതന്നെ അടിച്ചു പ്രസ്സ്യം ചെയ്യുന്നതുമാണ്.

മരണങ്ങൾ.

ക്രുടല്ലൂർ പള്ളി ഇടവക മൂശരേട്ടു പൈലോ ഏലി മെയിമാസം ൩൦നു വെള്ളിയാഴ്ച അന്ത്യക്രുദാശകളെക്കയും ഭക്തിയോടുകൂടി കൈക്കൊണ്ടു തന്റെ ൭൯-ാമത്തെ വയസ്സിലും, കണ്ണാടിയിൽ പള്ളിയിടവക മമ്പലത്തു തൊമ്മി എന്നദ്ദേഹം, മിഥുനമാസം അഞ്ചാംതീയതി അന്ത്യക്രുദാശകളൊക്കെയും കൈക്കൊണ്ടു തന്റെ ൭൮-ാമത്തെ വയസ്സിലും, മുഖമ്മപള്ളിയിടവക പട്ടുറേ ബ. സിറിയക്ക് ശമ്മാത്തു അവർകൾ അന്ത്യക്രുദാശകളൊക്കെയും കൈക്കൊണ്ടു മിഥുനമാസം പത്താംതീയതി ചൊവ്വാഴ്ച രാത്രി ൩ മണിക്കു തന്റെ വസതിയിൽ വച്ചു മസൂരിരോഗത്താലും പരലോകപ്രാപ്തരായിരിക്കുന്നു. ഇവരുടെ ആത്മാനുക്രുലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R.I.P.